ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986–ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

1986–ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സ്വീകരിച്ചു.

ബിൽ പാസ്സാക്കി.

(2) 1986–ലെ കേരള ധനവിനിയോഗ ബില്ലുകൾ

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, Under Rule 76, Sub-clause (2) proviso ഈ റൂൾ അനുസരിച്ച് കൃത്യമായി രണ്ടു ദിവസം മുൻപ് അപ്രോപ്രിയേഷൻ ബിൽ അംഗങ്ങൾക്ക് ലഭിച്ചിരിക്കണമെന്നാണ് വ്യവസ്ഥ. എന്തിനാണ് രണ്ടു ദിവസം മുൻപ് കിട്ടണമെന്നു പറയുന്നതെന്നുവച്ചാൽ അത് പഠിച്ച് ഞങ്ങൾക്ക് അഭിപ്രായം പറയുന്നതിനുള്ള സമയമാണ്. ആ സമയം നിർഭാഗ്യവശാൽ നമുക്ക് കിട്ടിയില്ല. എനിക്ക് ഇന്നു രാവിലെയാണ് കിട്ടിയത്. അതുകൊണ്ട് ഈ അപ്രോപ്രിയേഷൻ ബില്ല് ചട്ടത്തിന് വിരുദ്ധമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. പക്ഷേ അങ്ങേക്കുള്ള അധികാരം ഞങ്ങളുടെ അവകാശം ഇല്ലാതാക്കുന്നതിനുവേണ്ടി വിനിയോഗിക്കരുത് എന്നുള്ള റിമാർക്കോടുകൂടി അങ്ങ് ഇക്കാര്യത്തിൽ തീരുമാനം എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: അങ്ങ് വളരെ പ്രസക്തമായ ഒരു പോയിന്റാണ് ഉന്നയിച്ചിട്ടുള്ളത്. ആ പോയിന്റിന്റെ പ്രസക്തി ഉൾക്കൊണ്ടു കൊണ്ടുതന്നെ സ്പീക്കറുടെ പ്രത്യേകമായിട്ടുള്ള ഡിസ്ക്രീഷൻ ഉപയോഗിച്ചുകൊണ്ട് മന്ത്രിയെ അനുവദിക്കുകയാണ്.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, താഴെപ്പറയുന്ന ബില്ലുകൾ ഞാൻ അവതരിപ്പിക്കുന്നു.

(1) 1986–ലെ കേരള ധനവിനിയോഗ (6–ാം നമ്പർ) ബിൽ.

(2) 1986–ലെ കേരള ധനവിനിയോഗ (7–ാം നമ്പർ) ബിൽ.

(3) 1956–ലെ കേരള ധനവിനിയോഗ (8–ാം നമ്പർ) ബിൽ.

(4) 1986–ലെ കേരള ധനവിനിയോഗ (9–ാം നമ്പർ) ബിൽ.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986–ലെ കേരള ധനവിനിയോഗ (6–ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: എല്ലാ ബില്ലുകളും ഒരുമിച്ച് ചർച്ച ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. കൃഷ്ണൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലു കളെ എതിർക്കുന്നു. അഴിമതിയും, കോഴയും, കുതികാൽ വെട്ടും, കുത്തിത്തിരിപ്പും; ചേരിപ്പോരും, കാലുവാരലും, രാജിവയ്ക്കലും, രാജിവയ്പിക്കലും, രാജ്യദ്രോഹികളെ സഹായിക്കലും, സൽക്കരിക്കലും, ഇതാണ് സർ കഴിഞ്ഞ കാലത്ത് ഈ മന്ത്രിസഭയുടെ പ്രവർത്തനം. ഇതിന്റെ ഫല മായി സാധനങ്ങളുടെ വില കുതിച്ചുയരുന്നു. തൊഴിൽ സമരങ്ങൾ അടിച്ചമർത്തുന്നു, പാഠപുസ്തകങ്ങൾ കിട്ടാനില്ല, പരീക്ഷാഫലം കാണാനില്ല, കാർഷിക മേഖല നശിക്കുന്നു. വ്യവസായമേഖല പൊളിയുന്നു, വിദ്യാഭ്യാസമേഖല തകരുന്നു. നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ സ്ഥിതി എന്താണ്? ഈ മന്ത്രിയും ഗവൺമെന്റും കൂടെ ആകെ കുളം തോണ്ടി. കുരങ്ങന്റെ കയ്യിൽ പൂമാല കിട്ടിയതുപോലെ വിദ്യാഭ്യാസ രംഗമാകെ പിച്ചിച്ചീന്തി. ഉണ്ടിരുന്ന നായർക്ക് വിളി തോന്നി എന്നു പറഞ്ഞതു പോലെ ശ്രീ. ടി. എം. ജേക്കബിന് ബോധോദയം വന്നിട്ടാണ് ചൈനയിൽ പോയി വിദ്യാഭ്യാസരംഗമാകെ പഠിച്ചു വന്നത്. സർ, ചൈനയിൽ പോയി പഠിച്ചു വന്നതിനുശേഷം ഉണ്ടാക്കിയ പരിഷ്കാരം ആദ്യം പരുന്തു റാകിപ്പറക്കണമെന്നായിരുന്നു. നാനാവശത്തുനിന്നുമുള്ള

1 p. m.] എതിർപ്പ് വന്നപ്പോൾ പരുന്തു റാകാതെ പറന്നാൽ മതിയെന്ന് തീരുമാനിക്കുകയും ആ പരിഷ്കാരം മാറ്റേണ്ടി വരുകയും ചെയ്തു. തോറ്റവർക്ക് വീണ്ടും പരീക്ഷ എന്നു പറഞ്ഞ് ഒരു മണ്ടൻപരീക്ഷയാണ് അടുത്തപ്രാവശ്യം ശ്രീ. ജേക്കബ് പരിഷ്കാരമാക്കി നടപ്പിലാക്കിയത്. പഠിക്കാതെ കുട്ടികൾ പാസ്സാകണം? പഠിച്ചിട്ട് പാസ്സാകാത്ത കുട്ടികൾ പഠിക്കാതെ എങ്ങനെ പാസ്സാകാനാണ്. അതിനേറെയും ഫലം വിപരീതമാണ്. മണ്ടത്തരം പറഞ്ഞ മന്ത്രി മണ്ടൻ പരീക്ഷയും റദ്ദാക്കി. ഇപ്പോൾ പ്രീ-ഡിഗ്രി പരീക്ഷാഫലം കയ്യും കാലും വെട്ടിയതുപോലെ പുറത്തുവന്നിരിക്കുകയാണ്. ഇങ്ങനെ ഒരു ബഫൂൺ വേഷം കെട്ടുന്ന മന്ത്രിയേയും ഭരണത്തേയും എവിടെയെങ്കിലും കണ്ടിട്ടുണ്ടോ? ജയിക്കുന്ന കുട്ടികൾ തോൽക്കുന്നു, തോൽക്കുന്ന കുട്ടികൾ ജയിക്കുന്നു. ആയിരക്കണക്കിന് വിദ്യാർത്ഥികൾ ആശയക്കുഴപ്പത്തിലാണ്. ആലത്തൂർ എസ്.എൻ. കോളേജിലെ 23 വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പറിൽ ഒരക്കം വീട്ടുകളഞ്ഞിരിക്കുന്നു. പത്രത്തിലൊക്കെ വളരെ വിശദമായി വന്നിട്ടുണ്ട്. അഞ്ചക്കം നാലക്കമായി ചുരുങ്ങിയിരിക്കുന്നു. അവർ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടപ്പോൾ ഇതിനെ സംബന്ധിച്ച് യാതൊരു വിവരവുമില്ല. അതാണ് പരീക്ഷാഫലപ്രഖ്യാപനം. ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ സംഖ്യ നീക്കിവയ്ക്കുന്നത് വിദ്യാഭ്യാസത്തിനാണ്. മുന്നൂറ്റി പതിനഞ്ചുകോടി അറുപത്തിയാറുലക്ഷത്തി എൺപത്തിരണ്ടായിരത്തി അഞ്ഞൂറ് രൂപ വിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. മറ്റ് ഒരു ഡിപ്പാർട്ടുമെന്റിന്റെ ഹെഡ്ഡിലും ഇത്രയും തുക ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നില്ല. എന്നിട്ടെന്താണ് കാര്യം.

പാഠപുസ്തകങ്ങളുടെ വില കണ്ടമാനം കൂട്ടി. ഭൂരിപക്ഷം സ്കൂളുകളിലും ഇപ്പോഴും പാഠപുസ്തകങ്ങൾ വന്നിട്ടില്ല. രണ്ടാംതരം പാഠപുസ്തകം ഇന്നേവരെ ഇറക്കിയിട്ടില്ല. പത്താം ക്ലാസ്സിലെ സോഷ്യൽ സ്റ്റഡീസ് പുസ്തകം കിട്ടിയിട്ടില്ല. 6-ാം ക്ലാസ്സിലെ സയൻസ് പുസ്തകം ഇന്നുവരെ കണ്ടിട്ടില്ല. 8-ാം തരത്തിലെ ഇംഗ്ലീഷ് ഉപപാഠപുസ്തകം ഇന്നുവരെ കിട്ടിയിട്ടില്ല. പുസ്തകങ്ങൾ കാണാതെ പഠിക്കണം. പരീക്ഷയടുക്കാൻ പോകുകയാണ്. ഇതുവരേയും പുസ്ത

LIBRARY ARCHIVES Kerala Legislative Assembly

കങ്ങും കിട്ടിയിട്ടില്ല. അടുത്ത കൊല്ലം പുസ്തകം കിട്ടിയാൽ മതിയോ? എങ്ങനെ കുട്ടികളും പഠിക്കും. സ്കൂളും തുറക്കുന്ന മുറയ്ക്ക് പുസ്തകങ്ങളും കൊടുക്കണമെന്ന് ഈ മന്ത്രി മാർച്ച് മാസത്തിൽ പ്രസംഗിച്ചതാണ്. പുസ്തകമില്ലാതെ അദ്ധ്യാപകൻ പഠിപ്പിക്കണം. പുസ്തകം കാണാതെ കുട്ടികളും മാർക്ക് വാങ്ങണം, പരീക്ഷ പാസ്സാകണം. ഇത് എന്തൊരു തേർപ്പാടാണ്? ഇതാണ് വിദ്യാഭ്യാസത്തിന്റെ ഇന്നത്തെ സ്ഥിതി.

നിത്യോപയോഗ സാധനങ്ങളുടെ വില കണ്ടമാനം വർദ്ധിച്ചിരിക്കുന്നു. സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി, പറഞ്ഞത് വില കുറഞ്ഞു വരുന്നു എന്നാണ്. നിയമസഭയിൽ ഞങ്ങളുടെ ചോദ്യത്തിന് എഴുതിത്തന്ന മറുപടി മന്ത്രി വായിക്കണം. അരി, പഞ്ചസാര, മണ്ണെണ്ണ, ഗോതമ്പ് ഇവയ്ക്കെല്ലാം വില കൂടി. ഒരുകൊല്ലത്തിൽ രണ്ടുപ്രാവശ്യം വച്ച് ആകെ, നാലുകൊല്ലത്തിനിടയിൽ 8 പ്രാവശ്യം നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധിച്ചു. ഉപ്പുതൊട്ട് കർപ്പൂരം വരെ എല്ലാ സാധനങ്ങൾക്കും വില വർദ്ധിച്ചിരിക്കുകയാണ്. റേഷൻ സാധനങ്ങൾക്കാണ് വില വർദ്ധിച്ചത്. പാവപ്പെട്ടയാളുകളാണ് റേഷൻ സാധനങ്ങൾ വാങ്ങി ജീവിക്കുന്നത്. നിത്യവരുമാനക്കാരായ തൊഴിലാളികളും, കൃഷിക്കാർ, ജീവനക്കാർ, പെൻഷൻകാർ മുതലായവരെല്ലാം സാധനങ്ങളുടെ വില വർദ്ധിച്ചതുകൊണ്ട് ജീവിതം തള്ളിനീക്കാൻ കഴിയാതെ വല്ലാതെ വിഷമിക്കുകയാണ്. അത്ര വലിയ ബുദ്ധിമുട്ട് അവർക്കുണ്ട്. മന്ത്രി ഒരുപക്ഷേ റേഷൻ സാധനങ്ങൾ വാങ്ങി ഭക്ഷിക്കുന്നുണ്ടായിരിക്കുകയില്ല. വല്ല കച്ചവടക്കാരും മന്ത്രിക്ക് കൊണ്ടുകൊടുക്കുന്നുണ്ടാകും. അതുകൊണ്ടാണ് മന്ത്രി സാധനങ്ങളുടെ വില കുറഞ്ഞുവെന്ന് പറഞ്ഞത്. അരി, പഞ്ചസാര, മണ്ണെണ്ണ, ഗോതമ്പ് മുതലായ റേഷൻ സാധനങ്ങളുടെ വില ഏഴെട്ടു പ്രാവശ്യം വർദ്ധിച്ചിട്ട് മന്ത്രി പറയുന്നത് വില കുറഞ്ഞുവെന്നാണ്. മന്ത്രിക്ക് അനുഭവമില്ലാത്തതുകൊണ്ടാണ്. ജനങ്ങളുടെ അനുഭവം നേരെ മറിച്ചാണ്. നമ്മുടെ രാജ്യത്തെ പോലീസിന്റെ സ്ഥിതി എന്താണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ട്രിവാൻഡ്രം ഹോട്ടലിൽ 50 പൈസ ഊണിന് ഇന്ന് കൂട്ടി.

ശ്രീ. സി. ടി. കൃഷ്ണൻ: മന്ത്രി അവിടെ പോയി കഴിക്കുകയില്ലല്ലോ. വലിയ ത്രീസ്റ്റാർ ഹോട്ടലിലേ ഊണ് കഴിക്കുകയുള്ളൂ, അത്യാവശ്യം വേണ്ടിവന്നാൽ. പാവങ്ങളുടെ ക്ഷേണമല്ലല്ലോ മന്ത്രിമാർ കഴിക്കുന്നത്. അതുകൊണ്ടാണ് പാവപ്പെട്ടവരുടെ വികാരവും വിചാരവും മന്ത്രി അറിയാത്തത്. ശ്രീ. കരുണാകരന്റെ പോലീസ് ഈ രാജ്യത്തെ സകല തൊഴിൽ സമരങ്ങളേയും അടിച്ചമർത്തുകയാണ്. മുതലാളിമാർക്കുവേണ്ടി അവർ വിടുപണി ചെയ്യുകയാണ്. ലേബർ ഉദ്യോഗസ്ഥൻമാർ മുതലാളിമാർക്കുവേണ്ടി മുട്ടുതാങ്ങുന്നു. സംസ്ഥാനത്താകെ പോലീസ് മുതലാളിമാർക്കും ഭരണക്കാർക്കും കുഴലൂത്ത് നടത്തുകയാണ്. പാലക്കാട് ജില്ലയിലെ നിരവധി തൊഴിൽ സമരങ്ങൾ അടിച്ചമർത്തിയതിന്റെ സ്ഥിതി പറയാനുണ്ട്. കർഷകത്തൊഴിലാളി സമരങ്ങളും ചുമട്ടുതൊഴിലാളി സമരങ്ങളും ലോറിത്തൊഴിലാളി സമരങ്ങളും അടിച്ചമർത്തുന്നു. മുതലാളിമാർക്ക് അകമ്പടി സേവിക്കാനും ഡി. ജി. പി. യുടെ കൽപ്പനയെന്നു പറഞ്ഞ് പോലീസ് അടിച്ചമർത്തുന്നു. പാലക്കാട് ജില്ലാ ലേബർ ഓഫീസർ മുതലാളിയുടെ അടുക്കളപ്പണിയാണ് ചെയ്യുന്നത്. അവർക്ക് തൊഴിലാളികളോടും തൊഴിൽസമരങ്ങളോടും പുച്ഛമാണ്. ഇങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെ ആ മേഖലയിൽ വച്ചാൽ എന്താണ് നടക്കാൻ പോകുന്നത്? കൊലപാതകങ്ങളും കളവുകളും വർദ്ധിച്ചുവരുന്നതിനെപ്പറ്റി ഞാൻ ഇവിടെ പറഞ്ഞതാണ്.

എന്റെ നിയോജകമണ്ഡലത്തിൽ, എന്റെ പഞ്ചായത്തിൽ സണ്ണിയുടെ കൊലപാതകത്തെപ്പറ്റി പറഞ്ഞു. ഇന്നുവരെ ഒരു അന്വേഷണവും നടന്നിട്ടില്ല. ഈ സംസ്ഥാനത്തൊട്ടാകെ ആയിരക്കണക്കിന് കൊലപാതകങ്ങളാണ് നടക്കുന്നു. എല്ലാം സംശയമാണ്. ചോദിച്ചാൽ ആത്മഹത്യയാണെന്ന് പറയുമെങ്കിലും അതിനു യാതൊരു തെളിവുമില്ല, യാതൊരു പിടിയുമില്ല. അത് അന്വേഷിക്കുന്നില്ല. അങ്ങനെ നമ്മുടെ സംസ്ഥാനത്താകെ ക്രമസമാധാനനില തകർന്ന്, ഉൽഭീതിക്കൊണ്ട് നടക്കാനും ജീവിക്കാനും പറ്റാത്ത സ്ഥിതിയുണ്ട്. ശ്രീ. കരുണാകരൻ ആഭ്യന്തര വകുപ്പിന്റെ ചുമതല ഏറെറടുത്തതോടുകൂടി നമ്മുടെ രാജ്യത്ത് പോലീസിന്റെ വീര്യം വർദ്ധിച്ചിരിക്കുകയാണ്. ആ പോലീസ് തൊഴിൽ സമരങ്ങളെ അടിച്ചമർത്തുന്നു. ഭരണകക്ഷിക്കാർ ആയാൽ മാത്രം രക്ഷയുണ്ട്. ഭരണകക്ഷിക്കാർ ഇക്കാര്യത്തിൽ ഇടപെടുന്നതുകൊണ്ട് കളവും കൊലക്കേസും തെളിയുന്നില്ല. അതാണ് നമ്മുടെ സംസ്ഥാനത്തു നടക്കുന്നത്. ഇന്നലെ ശ്രീ. എ. സി. ജോസ്, രാഘവൻ പൊഴക്കടവിൽ, എം. വി. മാണി എന്നിവർ ഞങ്ങളെപ്പറ്റിയും ഞങ്ങളുടെ പാർട്ടിയെപ്പറ്റിയും പരാമർശനം നടത്തി. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്). ഇതാ പിളർന്നുപോകുന്നു. സി.പി.ഐ. (എം) തകരുന്നു. എം. വി. രാഘവന്റെ പാർട്ടിയിലേക്ക് ആളുകളം അങ്ങനെ ഒഴുകുന്നു എന്നെല്ലാം പറഞ്ഞു. അത് വെറും വ്യാമോഹമാണ്, മനക്കോട്ടയാണ്. ഒരുലക്ഷത്തി അൻപതിനായിരത്തോളം പാർട്ടിമെമ്പർമാരുള്ള ഞങ്ങളുടെ പാർട്ടിയിൽനിന്ന് 0.1 ശതമാനം എന്ന് വേണമെങ്കിൽ പറയാം, 200 പാർട്ടിയംഗങ്ങളം പോലും എം. വി. രാഘവനോ കൂടെ പോയിട്ടില്ല. അതാണ് സത്യം. ബൂർഷ്വാ പാർട്ടികളുടേയും ബൂർഷ്വാ പത്രങ്ങളുടേയും തണലിലോ, നിഴലിലോ, സഹായത്തിലോ പിൻതുണയോടുകൂടിയോ വളർന്ന പ്രസ്ഥാനമല്ല സി. പി. ഐ. (എം). അങ്ങനെയല്ല കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും തൊഴിലാളി പ്രസ്ഥാനവും വളർന്നുവന്നത് പത്രങ്ങളുടെ തണലിലല്ല. ബൂർഷ്വാ പാർട്ടികളുടേയും ബൂർഷ്വാ പത്രങ്ങളുടേയും കള്ളപ്രചാരണവേലയ്ക്ക് എതിരായി ഇഞ്ചിനു ഇഞ്ചിനു പൊരുതിക്കൊണ്ടാണ് ഈ തൊഴിലാളി പ്രസ്ഥാനവും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും വളർന്നു മുന്നോട്ടു വന്നിട്ടുള്ളത് എന്നു നിങ്ങളം ഓർക്കണം. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി എന്ന് പേര്—അരിവാൾ ചുറ്റിക നക്ഷത്രമാണ് കൊടിയടയാളം എന്നൊക്കെ പറയുകയും ചെയ്തു.

അച്ഛനു സ്വന്തം മകൾക്ക് എന്തുപേരും ഇടാം. മൂക്ക് പതിഞ്ഞ പല്ലുന്തിയ ഒരുകണ്ണ് നഷ്ടപ്പെട്ട മകൾക്ക് സുന്ദരി എന്നോ സുമുഖി എന്നോ പേരിടാം. മകൾ വിരൂപിയാണോ എന്ന് തീരുമാനിക്കേണ്ടത് ജനങ്ങളാണ്. അച്ഛൻ എന്തു പേരും ഇടാം. അതുപോലെ തന്നെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയെന്നോ, അരിവാൾ ചുറ്റിക നക്ഷത്രം എന്നോ എന്ത് പേരുവേണമെങ്കിലും ആർക്കും ഇടാം. നയമാണ് പ്രശ്നം. വിപ്ലവപ്രവർത്തനമാണ് പ്രശ്നം. തത്വാധിഷ്ഠിതമായ നയം സ്വീകരിച്ചിട്ടുണ്ടോ എന്ന് പ്രവർത്തനം നോക്കി ജനങ്ങളാണ് അംഗീകരിക്കേണ്ടത്. ഏതാണ് യഥാർത്ഥ മാർക്സിസ്റ്റ് പാർട്ടി, ഏതാണ് യഥാർത്ഥ വിപ്ലവ പാർട്ടി എന്ന് തീരുമാനിക്കേണ്ടത് ജനങ്ങളാണ്. അത് കാലം തെളിയിക്കുമെന്നു മാത്രമേ അതിനെപ്പറ്റി പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളും ഒരു മതത്തിനും, എതിരല്ല. ഞങ്ങളും ജാതിക്കും മതത്തിനും മെതിരാണ് എന്നു് ഇവിടെ പറയുന്നതു് കേട്ടു. പക്ഷേ മതവും ജാതിയും രാഷ്ട്രീയത്തിൽ ഇടപെടുന്നതിനെ ഞങ്ങളും എതിർക്കും. മതവും ജാതിയും മതത്തിന്റെയും ജാതിയുടെയും കാര്യം നോക്കണം. സമുദായ കാര്യങ്ങളും മറ്റു കാര്യങ്ങളും നോക്കാം. പക്ഷേ രാഷ്ട്രീയത്തിൽ കയ്യിട്ടതിന്റെ അനുഭവമാണു് ഇൻഡ്യാ രാജ്യത്തു്. അങ്ങോളം ഇങ്ങോളം നടന്നു കൊണ്ടിരിക്കുന്നതു്. ഞാൻ കൂടുതൽ വിവരിക്കുന്നില്ല. പഞ്ചാബു്, നിങ്ങൾക്കു് നാണമുണ്ടോ? ത്രിപുര കാണുന്നില്ലേ. മിസ്സോറാമിൽ ലാൽഡംഗ, മഹാരാഷ്ട്രയിൽ ശിവസേന, അങ്ങനെ രാജ്യത്തു് എല്ലാഭാഗത്തും വളർന്നുവരുന്ന ജാതി ഭ്രാന്തൻമാരുടേയും മതഭ്രാന്തൻമാരുടെയും ഉറഞ്ഞുതുള്ളൽ, വിലയിരുത്തിക്കൊണ്ടു്, വളരെക്കാലത്തെ അനുഭവങ്ങൾ വിലയിരുത്തിക്കൊണ്ടാണു് തത്വാധിഷ്ഠിതമായ ഒരു നിലപാടു് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി സ്വീകരിച്ചതു്. ഒരു ദിവസം സുപ്രഭാതത്തിൽ എടുത്ത തീരുമാനമല്ല ഞങ്ങളുടേതു്. ജാതി ക്കോമരങ്ങൾ നമ്മുടെ സംസ്ഥാനത്തു് ഉറഞ്ഞു തുള്ളുന്നില്ലേ? അതു് അനുഭവത്തിലൂടെ വിലയിരുത്തിക്കൊണ്ടാണു് അത്തരം ഒരു നിലപാടു് ഞങ്ങൾ സ്വീകരിച്ചതു്.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: ഇന്നത്തെ പത്രത്തിൽ, തമിഴ് നാട്ടിൽ മുസ്ലീംലീഗ് മുന്നണിയിൽ ഉണ്ടായതുകൊണ്ടു് തമിഴ്നാട്ടിലെ മുന്നണിയിൽ നിന്നു് ഞങ്ങൾ പിൻമാറുകയില്ല എന്നു് ഇ. എം. എസ്. പ്രസ്താവിച്ചതായി വാർത്ത വന്നിട്ടുള്ളതു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. ടി. കൃഷ്ണൻ: സർ, മഞ്ഞക്കണ്ണട വച്ചു് നോക്കിയാൽ എല്ലാം മഞ്ഞനിറമായിട്ടേ കാണുകയുള്ളൂ. നിങ്ങൾ എന്തു പറഞ്ഞാലും അങ്ങനെ വിശ്വസിക്കുകയില്ല. ഞങ്ങൾ ആധികാരികമായിട്ടു് പറഞ്ഞിട്ടുണ്ടു്, അവിടെ മുസ്ലീംലീഗുമായി ബന്ധമില്ല, കൂട്ടുകെട്ടുമില്ല, എതിർത്തിട്ടുണ്ടു് എന്നു് പല പ്രാവശ്യം പറഞ്ഞതാണു്. നൂറു് പ്രാവശ്യം ഒരു നുണ പറഞ്ഞാൽ അതു് സത്യമാകുകയില്ല. ഏതു് ലീഗായാലും ശരി ഞങ്ങൾ ആധികാരികമായി അതിനെപ്പറ്റി വിലയിരുത്തിയിട്ടുണ്ടു്. പുതിയ റിലീസ് അല്ലേ. തൂക്കാൻ വിധിച്ചതിന്റെ പിറ്റേദിവസം കെ. പി. ആർ. ഗോപാലനു് അഞ്ചുകിലോ തൂക്കം കൂടുതലുണ്ടായിരുന്നു. വിപ്ലവത്തിന്റെ അതിപ്രസരം കൊണ്ടു് എ. വി. ആര്യന്റെ ഗതി എന്താണു്? കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇൻഡ്യാ രാജ്യത്തു് കെട്ടിപ്പടുത്ത എസ്. എ. ഡാങ്കെയെപ്പറ്റിപ്പോലും ഇന്നു് ഒരു വിവരവുമില്ല. എം. എ. ജോൺ നേതൃത്വം സൃഷ്ടിക്കുമെന്നു് പറഞ്ഞു് കോളിളക്കം സൃഷ്ടിച്ച മന്ത്രിയുണ്ടു്. അങ്ങനെ ഒട്ടേറെ ആളുകളെ ആ പ്രസ്ഥാനം വിട്ടു് പുറത്തുപോയിട്ടു് ബൂർഷ്വാ പത്രങ്ങളുടെ തണലിൽ, പ്രമാണിമാരുടെ തണലിൽ കഴിയുന്നു. കേരള കോൺഗ്രസ്സിനെപ്പറ്റിയും മന്ത്രിയെപ്പറ്റിയുമൊക്കെ ഞങ്ങൾക്കു് അറിയുകയില്ലേ?

ശ്രീ. ടി. എസ്. ജോൺ: ഡാങ്കേ പോയി എന്നു പറഞ്ഞു. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നു് നിങ്ങൾ പോന്നശേഷം കേരളത്തിലും പശ്ചിമ ബംഗാളിലുമൊക്കെ കമ്മ്യൂണിസ്റ്റ് പാർട്ടി (എം)—നു് കൂടുതൽ സ്വാധീനം ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. റ്റി. കൃഷ്ണൻ: ആരാണെന്ന് തീരുമാനിക്കുന്നത് ജനങ്ങളാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ആരാണ്, മാർക്സിസ്റ്റ് പാർട്ടി ആരാണ്, വിപ്ലവ പാർട്ടി ആരാണ്, തൊഴിലാളി വർഗ്ഗ പാർട്ടി ഏതാണ് ഇതെല്ലാം അവസാനം തീരുമാനിക്കാൻ പോകുന്നത് ജനങ്ങളാണ്. അതാണ് എനിക്ക് ആ കാര്യത്തെപ്പറ്റി പറയാനുള്ളത്. മൊത്തത്തിൽ ഇന്നലെ പരാമർശിച്ച കാര്യങ്ങളെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്.

ഞാൻ നേരത്തേ പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്ത് ക്രമസമാധാന നില ആകെ തകർന്നിരിക്കുകയാണ്. ഇന്ന് ആളുകൾക്ക് പേടിയാണ്. അതുപോലെ തൊഴിൽ സമരങ്ങൾ അടിച്ചമർത്തുന്നു. തൊഴിൽ സമരങ്ങൾ അടിച്ചമർത്തുന്നതുകൊണ്ട് തൊഴിൽശാലകൾ പൂട്ടിക്കിടക്കുന്നതിന്റെ കഥയൊക്കെ ഈ നിയമസഭയിൽ നിരവധി പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. ആ കാര്യങ്ങളിലേക്ക് ഒന്നും ശ്രദ്ധിക്കാതെ കുതികാലുവെട്ടും കുത്തിത്തിരിപ്പും കുതന്ത്രങ്ങളും ചേരിപ്പോരും കാലുവാരലുമായി നമ്മുടെ സംസ്ഥാനത്തിലെ ഖജനാവ് ആകെ കട്ടുമുടിച്ച് ആകെ കാലിയാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ നാലു വർഷക്കാലമായി ഈ സംസ്ഥാനം ഭരിക്കുന്ന കരുണാകരന്റെ നേതൃത്വത്തിലുള്ള ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് തുടങ്ങി വച്ചിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടിയാണ് ഈ ധനവിനിയോഗ ബില്ലുകൾ എന്നുള്ളതുകൊണ്ടുതന്നെയാണ് ഞാൻ ഇതിനെ പിന്താങ്ങുന്നത്. സർ, നമ്മുടെ സംസ്ഥാനത്തെ രണ്ടര കോടി ജനങ്ങളുടെ വിവിധ മേഖലകളിലുള്ള താൽപ്പര്യങ്ങൾ കാത്തു സംരക്ഷിച്ചു വരുന്ന ഒരു ഗവൺമെന്റാണിത് എന്നുള്ളതിന് ആർക്കും സംശയമില്ല. ബഹുജനപ്രശ്നങ്ങളോട് വളരെ ക്രിയാത്മകമായ ഒരു സമീപനമാണ് ഈ ഗവൺമെന്റ് കഴിഞ്ഞ കാലഘട്ടങ്ങളിലൊക്കെ സ്വീകരിച്ചിട്ടുള്ളത്. രാഷ്ട്രീയ പകപോക്കലുകൾക്കുവേണ്ടി പണ്ട് ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ചെയ്തിട്ടുള്ളതുപോലെ സ്വാർത്ഥ താൽപ്പര്യങ്ങൾക്കുവേണ്ടിയോ, അല്ലെങ്കിൽ രാഷ്ട്രീയ പകപോക്കലിന് വേണ്ടിയോ ഗവൺമെന്റ് മെഷിനറികളെ ഒരിക്കലും ദുരുപയോഗപ്പെടുത്തിയിട്ടില്ല. നേരെമറിച്ച് സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യങ്ങൾ മാത്രം കണക്കിലെടുത്തുകൊണ്ട്, കേന്ദ്ര ഗവൺമെന്റുമായി ആത്മാർത്ഥമായി, ക്രിയാത്മകമായി സഹകരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചുവരുന്നത് എന്നുള്ളതാണ് സത്യം. നമ്മുടെ രാജ്യത്ത് ആഭ്യന്തര കലഹങ്ങളും അതുപോലെ വിഘടനവാദങ്ങളും പൊന്തിവരുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ രാജ്യത്തിന്റെ അഖണ്ഡത നിലനിർത്താൻ ഉത്തരവാദിത്വമുള്ള എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ബാദ്ധ്യതയുണ്ടെന്നാണ് എന്റെ വിശ്വാസം. ഈ കാലഘട്ടത്തിൽ വിഘടനവാദവും, പ്രാദേശിക വാദവും, അതുപോലെതന്നെ സാമുദായിക ചിന്താഗതികളുമൊക്കെ കൈവെടിഞ്ഞുകൊണ്ട് കേന്ദ്രഗവൺമെന്റിനെ സഹായിക്കേണ്ട ചുമതല നമ്മുടെ രാജ്യത്തെ ഉത്തരവാദിത്വമുള്ള എല്ലാ പ്രതിപക്ഷങ്ങളും ഏറ്റെടുക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. ആ രീതിയിലുള്ള ഒരു സമീപനമാണോ നമ്മുടെ ഈ സംസ്ഥാനത്തെ പ്രതിപക്ഷങ്ങളും അതുപോലെതന്നെ ഇൻഡ്യയിലുള്ള പ്രതിപക്ഷങ്ങളും ഇന്ന് കൈക്കൊള്ളുന്നതെന്ന കാര്യം ഈ

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ ഒന്ന് വിലയിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നിഷ്പക്ഷമായി പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കും ഈ രണ്ടാമത്തിലുള്ള ഒരു സമീപനമല്ല ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ള പ്രതിപക്ഷം കൈക്കൊള്ളുന്നതെന്ന്. നമ്മുടെ സംസ്ഥാനത്തുതന്നെ കഴിഞ്ഞ നാലു വർഷക്കാലമായി പ്രാദേശിക ചിന്താഗതികൾ വളർത്തി വിട്ടുകൊണ്ട് ഒളിഞ്ഞും, തെളിഞ്ഞുമുള്ള സാമുദായിക ചിന്താഗതികൾ വളർത്തി വിട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെ തേജോവധം ചെയ്യാൻ, ഈ രാജ്യത്തെ ജനങ്ങൾക്ക് പ്രയോജനപ്രദമായ നിരവധി കാര്യങ്ങൾ ചെയ്യുന്ന ഈ സംസ്ഥാന ഗവൺമെന്റിനെ തേജോവധം ചെയ്യാനുള്ള ഒരു ഗൂഢശ്രമത്തിലാണ് ഇന്ന് പ്രതിപക്ഷ കക്ഷികൾ ഏർപ്പെട്ടിട്ടുള്ളതെന്ന് നമുക്ക് കാണാൻ സാധിക്കും. ഇവിടെ ശ്രീ. വി. കെ. രാജന്റെ പാർട്ടിയെക്കുറിച്ച് ഇന്നലെ മാർക്സിസ്റ്റ് പാർട്ടി സംസ്ഥാനകമ്മിറ്റി പാസ്സാക്കിയിട്ടുള്ള ഒരു പ്രമേയം ഇന്ന് പത്രത്തിൽ വന്നത് വായിച്ചല്ലോ, അതിൽ അവർക്ക് നിങ്ങളെക്കുറിച്ചുള്ള അഭിപ്രായം പരസ്യമായി മാർക്സിസ്റ്റ് പാർട്ടി പറഞ്ഞിട്ടുണ്ട്. ഈ കൂട്ടത്തിലിരുന്നുകൊണ്ട് ഇതൊക്കെ പറയാൻ നിങ്ങൾക്ക് ഉളുപ്പില്ലല്ലോ? എന്റെ സുഹൃത്തുക്കൾ ഇന്നലെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അപ്പുറത്തുനിന്ന് സംസാരിച്ച .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അംഗീകരിച്ച സംസ്ഥാന കമ്മിറ്റി പ്രമേയത്തിൽ സി. പി. ഐ.—യെക്കുറിച്ച് ഒരു വാചകംപോലും പറഞ്ഞിട്ടില്ല എന്ന സ്ഥിതിക്ക് തങ്കച്ചൻ ഇങ്ങനെ പറഞ്ഞിരിക്കുന്നത് ഓർഡറിലാണോ?

ശ്രീ. പി. പി. തങ്കച്ചൻ: ആ പത്രം വായിക്കുന്ന എല്ലാവർക്കുമറിയാം, ഇത് പാർട്ടിയുടെ ആഭ്യന്തര പ്രശ്നങ്ങളെക്കുറിച്ചാണെന്ന്. ഏതാനും ദിവസങ്ങൾക്കു മുൻപ് സി. പി. ഐ. ഒരു പ്രമേയം പാസ്സാക്കുകയും ചർച്ച ചെയ്യുകയും ചെയ്തത് സൂചിപ്പിച്ചുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്നലെ കൂടിയ സംസ്ഥാന കമ്മിറ്റി ആ പ്രമേയം പാസ്സാക്കിയതെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്? അത് എല്ലാവർക്കുമറിയാവുന്ന ഒരു കാര്യമാണ്. എങ്കിലും ഈ കാര്യത്തിൽ സി. പി. ഐ.യെക്കുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായം എന്താണെന്ന് ആ പേരെടുത്ത് പറഞ്ഞ് വെളിപ്പെടുത്താൻ ചങ്കൂറ്റമുണ്ടെങ്കിൽ കാണിക്കണമെന്നാണ് ഈ അവസരത്തിൽ അതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. സർ, ഞാൻ ഒരു കാര്യം പ്രത്യേകം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. എത്രയോ പ്രതിസന്ധി ഈ ഗവൺമെന്റ് തരണം ചെയ്തു. കഴിഞ്ഞ നാലു വർഷക്കാലമായി ഇവിടെ വരൾച്ചയുണ്ടായി. അതുപോലെ കടുത്ത വെള്ളപ്പൊക്കമുണ്ടായി, ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ക്രിയാത്മകമായ പരിപാടിയുമായി നാലു വർഷക്കാലം പിന്നിട്ടുവെന്നത് ഈ ഗവൺമെന്റിന്റെ ഒരു വലിയ നേട്ടമാണ്. ഇതിനെക്കാളും പ്രതിപക്ഷമുണ്ടായിരുന്ന കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാമെന്ന് പറഞ്ഞ ഇടതുപക്ഷ മുന്നണി ഈ സംസ്ഥാനത്ത് വന്നിട്ട് 21 മാസക്കാലം മാത്രമേ പൂർത്തിയാക്കാൻ സാധിച്ചുള്ളൂ. എന്നാൽ ഈ മുന്നണി 4 വർഷക്കാലം പിന്നിട്ടു എന്ന് മാത്രമല്ല, 5 വർഷക്കാലവും ഈ മുന്നണി പൂർത്തിയാക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഒരു ഭരണ സ്ഥിരതയെന്നതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. ഇന്ന് അങ്ങേപ്പുറത്തിരിക്കുന്ന എന്റെ സുഹൃത്തുക്കളെ ഇടതുപക്ഷമെന്നും, പ്രതിപക്ഷമെന്നും വിളിക്കാമോ എന്ന് ഞാൻ സംശയിക്കുകയാണ്. അതി

LIBRARY ARCHIVES Kerala Legislative Assembly

നുള്ള അർഹത അവർക്കുണ്ടോ? സ്പീക്കറുടെ ഇടതു വശത്തിരിക്കുന്നതുകൊണ്ട് മാത്രം ഇടതുപക്ഷവും അങ്ങേപ്പുറത്തിരിക്കുന്ന കക്ഷികളുടെ നിരയിൽ ഇരുന്നുവെന്നുള്ളതുകൊണ്ട് മാത്രം പ്രതിപക്ഷവുമാകുമോ? ആവില്ലെന്നാണ് എന്റെ വിശ്വാസം. ഭരണപക്ഷം നിർവ്വഹിക്കേണ്ട ചില ചുമതലകളുണ്ട്. അവർക്ക് ചില കടമകളുമുണ്ട്. അതുപോലെ തന്നെ ഇടതുപക്ഷം നിർവ്വഹിക്കേണ്ട ചില ചുമതലകളും, ചില കടമകളുമുണ്ട്. അത് നിർവ്വഹിക്കാൻ കഴിഞ്ഞ നാലുവർഷക്കാലമായി അങ്ങേപ്പുറത്തിരിക്കുന്ന എന്റെ സുഹൃത്തുക്കൾക്ക് സാധിച്ചിട്ടുണ്ടോ എന്ന് ചോദിച്ചാൽ സാധിച്ചിട്ടില്ല എന്ന വസ്തുത ആർക്കും അറിയാവുന്നതാണ്. ഇന്ന് ഈ പ്രതിപക്ഷത്തിന്റെ കൂടെയുള്ള പ്രധാനപ്പെട്ട കക്ഷിയായ മാർക്സിസ്റ്റ് പാർട്ടി കുറച്ചൊക്കെ ഒരു മാസ് ബേസുള്ള പാർട്ടിയാണ്. ഞാൻ അത് നിഷേധിക്കുന്നില്ല. പക്ഷേ അടിസ്ഥാന വർഗ്ഗത്തിന്റേയും അതുപോലെ ജനകീയ സമരത്തിന്റേയും പേരിൽ കെട്ടിപ്പടുത്തിട്ടുള്ള ഈ പാർട്ടിയുടെ ഇന്നത്തെ സ്ഥിതിയെന്താണ്? ജനകീയ പ്രശ്നങ്ങളുടെ നേർക്ക് ഇന്ന് അവരുടെ സമീപനമെന്താണ്? ഇന്ന് മാർക്സിസ്റ്റ് പാർട്ടി അടിസ്ഥാന വർഗ്ഗത്തിൽനിന്ന് അകന്നകന്ന് എവിടെ ചെന്നെത്തിയിരിക്കുന്നു? ഈ കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കു മുൻപു നമ്മുടെ നിയമസഭയിൽ തന്നെ നാളിതുവരെ കണ്ടിട്ടില്ലാത്ത രീതിയിലുള്ള സമരം കണ്ടതാണ്. നിയമസഭാ മന്ദിരത്തിൽ സഖാവ് ഗൗരിയമ്മയുടെ നേതൃത്വത്തിലുള്ള എന്റെ ഏതാനും സുഹൃത്തുക്കൾ നിരാഹാരം അനുഷ്ഠിച്ചത് എന്തിനുവേണ്ടിയായിരുന്നു. ഈ രാജ്യത്തെ കൊള്ളരുതാത്ത അഴിമതിക്കാരായ ആയിരവും, രണ്ടായിരവും രൂപ ശമ്പളം വാങ്ങിക്കുന്ന ആൾക്കാരെ രക്ഷിക്കാൻ വേണ്ടിയാണ് സഖാവ് ഗൗരിയമ്മയുടെ നേതൃത്വത്തിൽ ഈ അസംബ്ലി മന്ദിരത്തിനു മുൻപിൽ സമരം അഴിച്ചു വിട്ടത്. സർ, ആ സമരം ആർക്കു വേണ്ടിയായിരുന്നു? ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന പാവപ്പെട്ടവർക്ക് വേണ്ടിയാണോ? ഇവിടെ നിങ്ങൾ കയർ പിരിക്കുന്നവരുടെ കാര്യം പറയാറുണ്ട്. കശുവണ്ടി തൊഴിലാളികളുടെ കാര്യം പറയാറുണ്ട്. അതുപോലെതന്നെ ചുമട്ടുതൊഴിലാളികളുടെ കാര്യം പറയാറുണ്ട്. അതുപോലെ നീറുന്ന പ്രശ്നങ്ങൾ ഈ സംസ്ഥാനത്തുണ്ടെന്നും നിങ്ങൾ വാദിക്കാറുണ്ട്. അടിസ്ഥാന വർഗ്ഗങ്ങൾക്കുവേണ്ടിയാണ് സമരം ചെയ്യുന്നതെങ്കിൽ ഞങ്ങൾക്ക് അത് മനസ്സിലാക്കാം. നേരത്തെ പറഞ്ഞു ഞാൻ ആദ്യം പറഞ്ഞതുപോലെ പാവപ്പെട്ട കുട്ടികളുടെ ഭാവി നഷ്ടപ്പെടുത്തുന്ന മാർക്ക് ലിസ്റ്റ് പൂഴ്ത്തിവച്ച കള്ളൻമാർക്കുവേണ്ടി, അഴിമതിക്കാർക്കുവേണ്ടി, കൊള്ളരുതാത്തവർക്ക് വേണ്ടി, വെള്ള കോളറുകാർക്കുവേണ്ടി ആയിരവും, രണ്ടായിരവും രൂപ ശമ്പളം വാങ്ങുന്ന ആളുകൾക്കുവേണ്ടി സഖാവ് ഗൗരിയമ്മയും കൂട്ടരും നിരാഹാര സത്യാഗ്രഹം നടത്തിയിട്ട് ഒന്നും നേടിയില്ല. ഇത് ഒരു ജനകീയ പ്രശ്നമായിരുന്നോ? ഒരുപക്ഷേ ഗൗരിയമ്മയ്ക്ക് പാർട്ടിയിൽ ആധിപത്യം ഉറപ്പിക്കാൻ സാധിച്ചുവെന്നതൊഴിച്ച് മറെറാന്നും ഈ സമരത്തിലൂടെ നേടാൻ സാധിച്ചില്ല എന്നുള്ളത് ഒരു സത്യമല്ലേ? ആർക്കും അത് നിഷേധിക്കാവുന്ന ഒരു കാര്യമല്ല. ഇന്ന് മാർക്സിസ്റ്റ് പാർട്ടിയിലുണ്ടായിട്ടുള്ള സംഭവവികാസങ്ങളിലേക്കൊന്നും ഞാൻ കടക്കാൻ ആഗ്രഹിക്കുന്നില്ല. എന്റെ സ്നേഹിതനായ കൃഷ്ണൻ ഏതാനും നിമിഷങ്ങൾക്കു മുൻപ് ഇവിടെ പ്രസംഗിച്ചതു കേട്ടപ്പോൾ ഞങ്ങൾക്കൊക്കെ ഉള്ളിൽ ചിരിയാണ് തോന്നിയത്. ആലത്തൂർ നിന്നിട്ട് ഈ വരുന്ന തിരഞ്ഞെടുപ്പിൽ ഇന്നത്തെ സംവിധാനത്തിൽ ജയിക്കാമെന്ന് കൃഷ്ണനു വിശ്വാസമുണ്ടോ? ഇല്ലെന്നാണ് എനിക്ക് തോന്നുന്നത്. ശ്രീ. കൃഷ്ണൻ മാത്രമല്ല ഇന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയും അങ്ങനെതന്നെയാണ്. ഈ അടുത്ത കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റ് പാർട്ടിയിലുണ്ടായിക്കൊണ്ടിരിക്കുന്ന സംഭവ വികാസങ്ങളെ തുടർന്ന് മാർക്സിസ്റ്റ് പാർട്ടി തകർന്നുകൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുത ആരും നിഷേധിക്കുമെന്ന് തോന്നുന്നില്ല. നിങ്ങൾ എന്തൊക്കെ പറഞ്ഞാലും ഈ രാജ്യത്തെ സാധാരണക്കാരായ നിരവധി ആളുകൾ പാവപ്പെട്ടവരെല്ലാംതന്നെ ഇന്ന് ഈ പാർട്ടി കുറെക്കാലമായി അനുവർത്തിച്ചുവരുന്ന നിലപാട് കണ്ട് മാർക്സിസ്റ്റ് പാർട്ടി വിട്ടുകൊണ്ട് മറ്റു ചില പ്രസ്ഥാനങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. സത്യസന്ധമായ വസ്തുതകൾക്ക് നേരെ നിങ്ങൾ കണ്ണടച്ചിട്ട് കാര്യമില്ല. ഞങ്ങൾക്ക് ഈ രാജ്യത്തെ ജനങ്ങളിൽ പൂർണ്ണമായ വിശ്വാസമുണ്ട്. ഈ രാജ്യത്തെ ജനങ്ങൾക്ക് ഞങ്ങളിലും പൂർണ്ണമായ വിശ്വാസമുണ്ട്. അതുകൊണ്ട് ഒരു തിരഞ്ഞെടുപ്പിനെ നേരിടാൻ ഞങ്ങൾക്ക് ഭയമില്ല. എന്നാൽ ഇന്ന് പ്രതിപക്ഷം ഒരു തിരഞ്ഞെടുപ്പിനെ ഭയപ്പെടുകയാണ്.

ശ്രീ. ഒ. ഭരതൻ: നാളത്തേക്കായി തയ്യാറാക്കിയിരിക്കുന്ന ഒരു പ്രശ്നം ഇന്ന് പറയുന്നത് ഓർഡറിലാണോ?

ശ്രീ. പി. പി. തങ്കച്ചൻ: എന്റെ നിയോജകമണ്ഡലത്തിലാണ് വനവാസത്തിനുപോയ സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് തപസ്സ് ചെയ്യുന്നത്. ഇപ്പോഴത്തെ ഈ തപസ്സ്തന്നെ മറ്റൊന്നിന്റെ സൂചനയാണ്. ഈ വരുന്ന തിരഞ്ഞെടുപ്പ് കഴിയുമ്പോൾ ഈ പാർട്ടിയെയുംകൂടി അദ്ദേഹം വനവാസത്തിന് അയയ്ക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. കഴിഞ്ഞ കുറെ ദിവസങ്ങളായിട്ട് സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെക്കുറിച്ച് ഞങ്ങളാരും കേൾക്കുന്നതേയില്ല. ഈ കഴിഞ്ഞ ദിവസങ്ങളിൽ മാർക്സിസ്റ്റ് പാർട്ടി സംസ്ഥാന കമ്മിറ്റി ഇവിടെ കൂടുകയുണ്ടായി. മൂന്നു ദിവസത്തേക്കാണ് സംസ്ഥാന കമ്മിറ്റിക്ക് നോട്ടീസ് കൊടുത്തത്. ഇത്ര സംഭവ വികാസങ്ങളുള്ള ഒരു കാലഘട്ടത്തിൽ മൂന്നു ദിവസം പോയിട്ട് ആറു ദിവസം ചർച്ച ചെയ്യാനുള്ള ഈ സമയത്ത് ഏതാനും മണിക്കൂർ മാത്രം ചർച്ച ചെയ്തിട്ട് ആ സംസ്ഥാന കമ്മിറ്റി പിരിയുകയും മറ്റു കാര്യങ്ങൾ സെക്രട്ടേറിയറ്റിനെ തന്നെ ചുമതലപ്പെടുത്തുകയുമാണ് പതിവ്. എന്താണ് ഇതിന്റെ വസ്തുത? ഇന്ന് സംസ്ഥാന കമ്മിറ്റി അംഗങ്ങൾ, ആ കമ്മിറ്റിയിൽപോലും കാര്യങ്ങൾ ഉള്ളതു തുറന്ന് ചർച്ച ചെയ്യാൻ.....

ശ്രീ. ഒ. ഭരതൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഈ സംസ്ഥാനത്തെ മുഴുവൻ വനവും വെട്ടി നശിപ്പിച്ച് ഭരണം നടത്തുന്ന ഒരു കക്ഷിയിലെ പ്രമുഖ കക്ഷിയായിട്ടുള്ള കോൺഗ്രസ് ഐ—യിലെ നേതാവ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) വനവാസത്തിന് പോകുന്നതെന്ന് പറയുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ: ഇതുകൊണ്ടാണ് ഞാൻ ആദ്യം സൂചിപ്പിച്ചത് ചോദ്യം ചോദിക്കാനായിട്ടു പോയിന്റ് ഓഫ് ഓർഡറിന്റെ പേരിൽ എഴുന്നേൽക്കരുതെന്ന്.

ശ്രീ. പി. പി. തങ്കച്ചൻ: 3 ദിവസം കൂടാൻ നോട്ടീസ് കൊടുത്തുകൂടിയ സംസ്ഥാനകമ്മിറ്റി ഏതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോൾ പിരിയാനിടയായ സംഗതിയെന്താണ്? സംസ്ഥാന കമ്മിറ്റിക്കകത്ത് ഉള്ളതു തുറന്നു ചർച്ച ചെയ്യാൻ നിവൃത്തിയില്ല. മാർക്സിസ്റ്റ് പാർട്ടിയിലെ കാര്യങ്ങൾ ഇന്നു ആ സ്ഥിതിയിലേക്ക് ചെന്നെത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: കോൺഗ്രസ് ഐ–യിലെ ഗ്രൂപ്പ് വഴക്കുകാരണം കേരളത്തിലെ രാഷ്ട്രീയ സ്ഥിതിഗതി ചർച്ച ചെയ്യുന്നതിനുവേണ്ടി കെ. പി. സി. സി. പ്രസിഡൻറിനെയോ മുഖ്യമന്ത്രിയെയോ പോലും വിളിക്കാതെ ശ്രീ. രമേശ് ചെന്നിത്തലയെ വിളിച്ചു ചർച്ച ചെയ്യാൻ പ്രധാനമന്ത്രി തയ്യാറായ സാഹചര്യത്തിൽ നിങ്ങൾ ഇപ്പുറത്തെ കാര്യം പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്?

ശ്രീ. പി. പി. തങ്കച്ചൻ: അതൊരു വാർത്തമാത്രം. ഇന്നു മാർക്സിസ്റ്റ് പാർട്ടിയിലെ ഉത്തരവാദിത്വമുള്ള സംസ്ഥാന കമ്മിറ്റി അംഗങ്ങൾക്കുപോലും തമ്മിൽത്തമ്മിൽ വിശ്വാസമില്ല. കാര്യങ്ങൾ ഉള്ളുതുറന്നു ചർച്ച ചെയ്യാൻ നിവൃത്തിയില്ലാത്ത ഒരു സ്ഥിതിയിലേക്കു കാര്യങ്ങൾ ചെന്നെത്തിയിരിക്കുന്നു. ആ മാർക്സിസ്റ്റ് പാർട്ടിയെക്കുറിച്ചാണ് എൻറെ സുഹൃത്ത് ശ്രീ. കൃഷ്ണൻ പറഞ്ഞത്. മാർക്സിസ്റ്റ് പാർട്ടി വളർന്നു പടർന്നു പന്തലിച്ച് വടവൃക്ഷം പോലെയായിക്കൊണ്ടിരിക്കുന്നെന്ന്. ഇന്നു നമ്മുടെ പാർലമെൻറിൽ മാർക്സിസ്റ്റ് പാർട്ടിയുടെ അംഗസംഖ്യ എത്രയാണ്? ഇന്നു പാർലമെൻറിലെ പ്രതിപക്ഷം ആരാണ്? മാർക്സിസ്റ്റ് പാർട്ടി വേരൂന്നിവളർന്നിട്ടുള്ള ആന്ധ്രാപ്രദേശിൽ മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥിതിയെന്താണ്? ഇന്നു വടക്കേ ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങളിലും റെയിൽവേസ്റ്റേഷനിൽ തീവണ്ടി നിർത്താൻ ഗാർഡ് ഉപയോഗിക്കുന്ന ചുവന്ന കൊടിയല്ലാതെ വെറെ ഒരു ചുവന്ന കൊടി കാണാൻ സാധിക്കുകയില്ല. ഈ രീതിയിൽ മാർക്സിസ്റ്റ് പാർട്ടി അധഃപതിച്ചിരിക്കുന്നു. ഈ പാർട്ടിയുടെ വളർച്ചയെക്കുറിച്ചാണ് ശ്രീ. കൃഷ്ണൻ നേരത്തെ പറഞ്ഞത് വളർന്നു പന്തലിച്ചിരിക്കുന്നെന്ന്.

ഈ സംസ്ഥാനത്ത് ഈ ഗവൺമെൻറ് കഴിഞ്ഞ 4 വർഷക്കാലമായി ചെയ്തിട്ടുള്ള വികസനപ്രവർത്തനങ്ങളുടെ നീണ്ട പട്ടികയിലേക്കൊന്നും ഞാൻ കടക്കുന്നില്ല. കാരണം ഡിമാൻഡ് ചർച്ചകളിൽ വളരെ വിശദമായി അതൊക്കെ ഇവിടെ പറഞ്ഞതാണ്. എൻറെ നിയോജകമണ്ഡലത്തിലെ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ 4 വർഷക്കാലമായി പൂട്ടിക്കിടന്നിരുന്ന ട്രാവൻകൂർ റയോൺസ് ഫാക്ടറി വളരെയധികം ത്യാഗങ്ങൾ സഹിച്ചുകൊണ്ടാണെങ്കിലും ഗവൺമെൻറ് മുൻകയ്യെടുത്തു 12 കോടി രൂപ സമാഹരിച്ചുകൊണ്ട് തുറന്നു പ്രവർത്തിപ്പിച്ചു. ഈ ഗവൺമെൻറിൻറെ സമീപനത്തിലുള്ള ഒരു പ്രധാന കാര്യമാണ് അത്. മാർക്സിസ്റ്റ്, കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിച്ചിരുന്ന കാലത്ത് അടച്ചിട്ടിരുന്ന ആലുവാ വ്യവസായ മേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ കൂടുതലും പൂട്ടിക്കിടക്കുകയായിരുന്നു. ഇന്ന് അതെല്ലാം തുറന്നു പ്രവർത്തനമാരംഭിച്ചു. ഈ ഗവൺമെൻറിൻറെ സമീപനവും ആ ഗവൺമെൻറിൻറെ സമീപനവും തമ്മിലുള്ള വ്യത്യാസമതാണ്. ഈ ഗവൺമെൻറ് മുൻകയ്യെടുത്തു കമ്പനി തുറന്നു പ്രവർത്തിപ്പിച്ചു എന്നുള്ളത് ഒരു നേട്ടമായി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ ജനങ്ങൾക്ക് ഈ ഗവൺമെൻറിനോട് നന്ദിയുണ്ട്. ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

Dr. A. Subba Rao: I oppose these Appropriation Bills. I do not intend going into a debate with the political aspects which has been raised by my Hon'ble friend Mr. Thankachen. I would confine myself with the Financial and Appropriation aspects of this Bill.

LIBRARY ARCHIVES Kerala Legislative Assembly

The very fact that the Government has come with Supplementary Demands immediately after the presentation and passing of the Budget proves that the financial management of this Government is at fault. When the previous Finance Minister presented his Budget, members from this side of the House expressed their views about the unrealistic estimate of the Receipts and Expenditure projected in the Budget. Our leader com. K. P. Prabhakaran described it as a juglary of figures. Subsequently, the statement of the Minister of State for Finance of the Central Government and the present Finance Minister of this State has proved it to be so. The picture is not so rosy as described.

Sir, if the financial management had been efficient and sound as it is claimed to be, there is no reason to change the portfolio. The reason for the reshuffle was to improve the image of the Ministry as per the Chief Minister. So even the Chief Minister by wresting the Finance portfolio from Shri K. M. Mani has revealed his lack of confidence in him and indirectly admitted that there was a gross mismanagement. So an appropriation to enable payment for different Demands based on these unrealistic estimates do not deserve to be passed by this House.

The Finance Minister expects to collect about 100 crores more than the estimated receipts. The implication is that even though there was enough scope for the increased collection of Taxes, it was not done during the term of Shri. Mani. Only Shri. Mani has to give the proper reply.

Sir, sales tax is one of the main sources of tax revenue and to ensure its proper collection the check posts have to be strengthened. Manjeswar check post is said to be one of the 4 important check posts in our State. But the very location of this check post nearly 4 kms. inside our border is such that vehicles can avoid it as there are other routes. There are no proper facilities in the present location. The Excise and Motor vehicles check posts are also in the same location. It creates a lot of difficulties for the normal traffic and undue delay for checking which in its turn encourages corruption. So this check post should be moved nearer to the border where there is enough space on both sides of the road and where there is no scope for evasion and its staff strengthened. But will the Government do it? I have got my own doubts.

Sir, for some political and economic reasons certain areas of our State are very backward in all fields like education, industry, communication etc. When there is development the primary responsibility of any democratic government is to give greater attention to these backward areas to enable them to come on a par with the rest of the developed areas. Kasargod district is a backward

LIBRARY ARCHIVES Kerala Legislative Assembly

area. Realising this, Shri. Achutha Menon's ministry constituted the Chandrabhanu Committee which suggested several schemes for the development of that area. But the implementation of these schemes were tardy. So when the L.D.F. ministry came into power it constituted the Kasargod Area Development Authority which submitted a comprehensive five year plan for development. But before it could be implemented that Government had to resign due to treachery of a constituent party and the mechanisation of the Central Government. Mr. Karunakaran's ministry on coming to power promised to do all that was necessary for the development of that area. It was the then Finance Minister who assured on the floor of this House that money will not be a constraint for the development of that area. But that was only in words. Actually, there was only a miserly provision. On the other hand, the Government abolished the K.A.D.A. under the pretext that the District has been formed. When the District was formed, we were assured that K.A.D.A. will not be abolished. But as usual Mr. Karunakaran went back on his words. Now the K.A.D.A. sub division under P.W.D. is also abolished. There are several roads and other schemes for which estimates have been prepared and others for which investigations are in various stages. Now that the K.A.D.A. and its sub divisions have been abolished, it is clear that no development worth the name will take place.

Leave alone the special attention that the Finance Minister claims to have given to the development of Kasargod area, which is contrary to the facts, even the proportional allotment of funds for each department is not made. As an example I would like to point out that only 17.8 lakhs are allotted to new works in the P.W.D. budget for that District. This is the case with all the other departments as well. This discrimination will result in discontent and if this continues people of that district will be constrained to organise mass struggle for the redressal of their grievances.

Another important responsibility of any Government is to safeguard the interests of the linguistic minorities. This Government has completely failed to implement the orders meant for safeguarding interests of the linguistic minorities. The very fact that the State level committee for the linguistic minorities where the problems of linguistic minorities are discussed which is under the direct responsibility of the Chief Minister has not met since the last 1 1/2 years shows the indifference of this Government towards the linguistic minorities. Even now the circulars and publications of the Government, inspite of the repeated requests are not printed and published in Kannada, but only in Malayalam.

There is a provision in the State Reorganisation Act that the facilities enjoyed before the reorganisation of States should be continued. Now the Government proposes to introduce compulsory Malayalam at the

LIBRARY ARCHIVES Kerala Legislative Assembly

expense of the Kannada periods. I am not against the Kannada students learning Malayalam. But why force it on them? Why make it compulsory? Make it optional and give them incentives. They will learn it.

Sir, the Kannada linguistic minorities are denied employment opportunities as well. Now knowledge of Malayalam with a proper certificate is insisted upon even at the recruitment stage for the post of class IV employees like peons, amins etc. This is a discrimination. I can understand the insistence of Malayalam once he is recruited and when his services is to be made permanent but not at the recruitment stage. I can accept, with reservation, the stipulations that he should learn Malayalam within a limited period but not at the recruitment stage. The general directive is that only Kannada knowing hands should be posted in Kasargod taluk. But it is observed more in violation than in implementation. The lack of facilities for Kannada medium students for technical studies is really amazing. Inspite of the repeated requests by the Kannada Linguistic Minorities to open certain polytechnics and engineering colleges in Kannada area, it has not been done.

So this Appropriation Bill which is unrealistic (based on unrealistic estimates) and which discriminates against the linguistic minorities, which does not allow the development of backward areas has to be opposed. I oppose the Appropriation Bills.

ശ്രീ. എം. പി. എം. ഇസ്‌ഹാക്ക്‌ കുരിക്കൾ: സർ, ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ സർവ്വാത്മനാ ഞാൻ അനുകൂലിക്കുകയാണ്‌. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം 5 വർഷക്കാലം ഒരു ഗവൺമെന്റുണ്ടാകുക എന്നുള്ളത്‌ ഏറെവും ശ്രമകരമായ, പ്രയാസകരമായ ഒരു വസ്തുതയാണ്‌. ഐക്യജനാധിപത്യമുന്നണിസർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപ്‌ 5 കൊല്ലം സുസ്ഥിരമായി സംസ്ഥാനം ഭരിക്കുമെന്ന്‌ ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക്‌ ഉറപ്പ്‌ നൽകിയിട്ടുണ്ട്‌.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. എ. മജീദ്‌]

സർ, വളരെ അഭിമാനത്തോടുകൂടി ഞാൻ പറയുകയാണ്‌. ചില ചില്ലറ പോരായ്മകളുണ്ടെങ്കിലും കരുണാകരൻ ഗവൺമെന്റ്‌ അതിന്റെ പരിപൂർണ്ണതയിലേക്ക്‌ നീങ്ങിക്കൊണ്ടിരിക്കുകയാണ്‌. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനവിനിയോഗബില്ലിനെക്കുറിച്ച്‌ പറയുമ്പോൾ മുൻകാലങ്ങളിൽ ഇടതുപക്ഷം ഭരിച്ചിരുന്ന കാലത്ത്‌ അനുവദിച്ചിരുന്ന തുകകൾ എല്ലാം തന്നെ ലാപ്സാക്കിക്കളയുന്ന പാരമ്പര്യമാണുണ്ടായിരുന്നത്‌. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സംസ്ഥാനത്ത്‌ 1784.95 കോടി രൂപ ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചു എന്നുള്ള അഭിമാനത്തോടുകൂടിയാണ്‌ ഈ ബില്ലിനെ അനുകൂലിക്കുന്നത്‌. മുൻപത്തെ സർക്കാരുകളെ അപേക്ഷിച്ച്‌ ഇത്രയും ഭീമമായ തുക സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി ചെലവഴിച്ചത്‌ ചരിത്രത്തിലാദ്യമാണെന്ന്‌ ഈ

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. സർ, നമ്മൾ 6 പഞ്ച വൽസര പദ്ധതികളും പിന്നിട്ട് 7-ാം പഞ്ചവൽസര പദ്ധതിയിൽ ഒരു വർഷം കഴിഞ്ഞുനിൽക്കുകയാണ്. വളരെ ഭാരിച്ച ഒരു ഉത്തരവാദിത്വം ഈ സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്. 2100 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്ന വിഭവസമാഹരണം എന്ന ഒരു ഭാരിച്ച ഉത്തരവാദിത്വം ഈ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നു. അതു കൊണ്ട് പുതിയ വരുമാന മാർഗ്ഗങ്ങളും കണ്ടുപിടിക്കണം. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികഭദ്രതയുടെ അടിത്തറ സുശക്തമാക്കു മെന്ന് പുതിയ ധനകാര്യമന്ത്രിയിൽ ഞാൻ പ്രതീക്ഷിക്കുകയാണ്. സർ, ഈ അടുത്ത കാലത്ത് ഇൻഡ്യാഗവൺമെന്റിന്റെ കമ്പ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതനുസരിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളും നടത്തുന്നതിന് ആവശ്യമായ സാമ്പത്തിക ഭദ്രതയുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ള ഒരു കാര്യമുണ്ട്. Irregular grants of exemption from the Tax എന്ന തല ക്കെട്ടിൽ അനർഹമായി ഇനിയും ചില സ്ഥലങ്ങളിൽ ടാക്സ് ഇളവ് ചെയ്തുകൊടുത്തിരിക്കുന്നുവെന്ന് അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറയു ന്നുണ്ട്. അങ്ങനെ അനുവദിക്കുകയാണെങ്കിൽ നമ്മുടെ സാമ്പത്തിക ഭദ്ര തയ്ക്കു കോട്ടം തട്ടുമെന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ശ്രദ്ധ ചെലുത്തിക്കൊണ്ടുള്ള അടിയന്തിര നടപടികൾ ഉണ്ടാകുമെന്ന് ഈ സന്ദർഭത്തിൽ ഞാൻ പ്രതീക്ഷിക്കുന്നു. കരിമുകിൽക്കി ടയിലൂടെ കടന്നുവന്ന പൗർണ്ണമിയെപ്പോലെ ഐക്യജനാധിപത്യ മുന്നണി സർക്കാർ അതിന്റെ പരിപൂർണ്ണതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പ്രതിപക്ഷത്തുനിന്നും അഴിമതി രാഷ്ട്രീയപ്രസംഗം നടത്തി ഈ നിയമസഭയിൽ കടന്ന് ആക്ഷേപിക്കുകയാണ്. ഇനിക്കതിൽ പരാതിയില്ല. സമനിലതെറ്റിയതും ആദർശതളർവാതവും ചിന്താവന്ധ്യകരണവും സംഭ വിച്ചിട്ടുള്ള ആ പാർട്ടികളുടെ ഗതികേടിനെക്കുറിച്ച് ഞാൻ ഒന്നും പറയു ന്നില്ല. പക്ഷേ ശ്രീ. കൃഷ്ണൻ ഇവിടെപറഞ്ഞു അവർക്ക് ഒരു ആദർ ശവും രാഷ്ട്രീയ നയവും ഇൻഡ്യാഗവൺമെന്റ് തലത്തിൽ ഒരു ആദർശ ലൈൻ ഉണ്ടെന്ന്. ശ്രീ. കൃഷ്ണൻ പറഞ്ഞതുപോലെ ആ പാർട്ടിയെ സംബ ന്ധിച്ചിടത്തോളം ഒരു ദേശീയ രാഷ്ട്രീയ നയവുമില്ല. കേരളത്തിൽ ഒരു നയമാണെങ്കിൽ ആസ്സാമിൽ മറ്റൊരു നയം. തമിഴ്നാട്ടിൽ ഒരു നയ മാണെങ്കിൽ ബംഗാളിൽ മറ്റൊരു നയം. ഇങ്ങനെ അവസര വാദത്തിനൊത്ത് രാഷ്ട്രീയ നിറം മാറുന്ന, ആദർശം മാറുന്ന ഒരു പ്രസ്ഥാനമായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അധഃപതിച്ചിരിക്കുന്നുവെന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളത്തിൽത്തന്നെ മുസ്ലീംലീഗിനെ എതിരായി നിൽക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി സഹകരണസംഘങ്ങളിൽ ഡയറക്ടറാകാനും പ്രസിഡന്റാകാനും മുസ്ലീംലീഗിന്റെ വീട്ടുപടിക്കൽ സത്യാഗ്രഹമനുഷ്ഠിച്ചിട്ടുണ്ട്. അതു പൊലെയുള്ള നാണംകെട്ട പ്രവർത്തനങ്ങളും ചെയ്തിട്ട് തങ്ങളും ആദർശ വാദികളാണെന്നും പറയുന്നതിൽ ഞങ്ങൾക്കു യാതൊന്നും പറയാനില്ല. ഇന്നലെ പ്രസംഗിച്ച ശ്രീ. കേശവൻ പറഞ്ഞത് ശ്രീ. എം. വി. രാഘവനെ പണംകൊടുത്ത് മുസ്ലീം ലീഗ് വിലയ്ക്ക് വാങ്ങിയിരിക്കുകയാണെന്നാണ്. അങ്ങനെയാണെങ്കിൽ ആ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭൂരിപക്ഷത്തെക്കുറിച്ച് ഓർത്ത് ഞാൻ വിലപിക്കുകയാണ്. ശക്തനായ ഒരു നേതാവിനെ ഈ അസംബ്ലിയിൽ മാർക്സിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിയായിരുന്ന ശ്രീ. എം.വി. രാഘവനെ വിലയ്ക്ക് വാങ്ങാൻ മുസ്ലീം

LIBRARY ARCHIVES Kerala Legislative Assembly

ലീഗിനു കഴിഞ്ഞുവെന്ന് നിങ്ങൾ സമ്മതിച്ചാൽ അത് ആ പാർട്ടിയുടെ ശോചനീയാവസ്ഥയെയാണു് തെളിയിക്കുന്നത്. പണം കൊടുത്താൽ നേതാക്കളെ വിലയ്ക്കുകിട്ടുന്ന പാർട്ടിയാണോ മാർക്സിസ്റ്റ് പാർട്ടി? കുവൈറ്റിൽനിന്നും കൊണ്ടുവന്ന പണമാണ് അദ്ദേഹത്തിനു കൊടുത്തതെന്നു പറഞ്ഞു. നിങ്ങൾക്കറിയാമോ എ. കെ. ജി. സെൻറിലെ ചുമരുകൾക്ക് സംസ്കാരിക്കുവാൻ കഴിയുമായിരുന്നെങ്കിൽ, സമ്പന്നതയുടെ പ്രതീകമായി അവിടെ നിലയുറപ്പിച്ചിട്ടുള്ള എയർകണ്ടീഷണറുകൾക്ക് സംസ്കരിക്കുവാൻ കഴിയുമായിരുന്നെങ്കിൽ മാർക്സിസ്റ്റ്, കമ്മ്യൂണിസ്റ്റ് പാർട്ടി തൊഴിലാളിവർഗ്ഗത്തെ ഈ പ്രസ്ഥാനത്തിലൂടെ കുത്തക മുതലാളികൾക്ക് ഒറ്റിക്കൊടുത്ത നാറുന്ന കഥകൾ അവ പറയുമായിരുന്നു. ഞാൻ, ആ ഭാഗത്തേക്ക് കടക്കുന്നില്ല. എന്തായാലും അടുത്തുതന്നെ തിരഞ്ഞെടുപ്പു നടക്കുമെന്ന് ഏതാണ്ട് ഉറപ്പായി കഴിഞ്ഞിരിക്കുന്നു. സർ, വളരെ ഗുരുതരമായ കാര്യത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ന് പിളർന്നുകഴിഞ്ഞിരിക്കുന്നു. അവശേഷിക്കുന്ന മാർക്സിസ്റ്റ് പാർട്ടി വീണ്ടും പിളരാൻ പോകുകയാണ്. ഒരു അഗ്നിപർവ്വതംപോലെ അതിൽ ഗ്രൂപ്പിസം പുകഞ്ഞു മറയുകയാണ്. നിങ്ങൾക്കറിയാമോ? ഈ സംസ്ഥാനത്തിലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് നേതാക്കൻമാരായ അച്യുതാനന്ദനും ബാലാനന്ദനും അതുപോലെതന്നെ സഖാവ് ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടും, ശ്രീമതി ഗൗരിയും ചേർന്ന് നമ്മുടെ പ്രതിപക്ഷ നേതാവ് നായനാർക്ക് അടുത്ത തിരഞ്ഞെടുപ്പിൽ ടിക്കറ്റു കൊടുക്കാതിരിക്കുവാൻ ശ്രമിക്കുകയാണ്. സർ, സി. ഐ. റ്റി. യു. പ്രസ്ഥാനത്തിന്റെ അനിഷേധ്യ നേതാവ് ഒ. ഭരതന് ടിക്കറ്റ് കൊടുക്കുകില്ലയെന്ന് പ്രചരണം നടത്തുന്നു. കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിനുവേണ്ടി ഈ രാജ്യത്തിന്റെ ഗ്രാമ ഗ്രാമാന്തരങ്ങളിൽ നടന്ന് പ്രവർത്തിച്ച ശ്രീ. പി. വി. കുഞ്ഞിക്കണ്ണന് ടിക്കറ്റു കൊടുക്കുകില്ലെയെന്നു പറയുന്നു. സർ, ഞാൻ ഒന്നേ പറയുന്നുള്ളൂ, ഹാലി എന്ന വാൽ നക്ഷത്രം ആകാശത്ത് ഉദിച്ചപ്പോൾ അതിന്റെ പരിണതഫലം ഇത്രയും പെട്ടെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഉണ്ടാകുമെന്ന് കരുതിയില്ല.

സർ, ഞാനൊരു കാര്യം കൂടി പറയാം. സഖാവ് ഇ. എം. എസ്സിനും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്കും മതത്തിൽ വിശ്വാസമില്ല.

.....(ബഹളം).....

ശ്രീ. സി. ടി. കൃഷ്ണൻ: ശ്രീ. സീതിഹാജി വീണ്ടും എം. എൽ. എ. ആകുമോ?

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: ശ്രീ. സീതിഹാജി ചിലപ്പോൾ എം.എൽ.എ. ആകാതെ തന്നെ മന്ത്രിയായേക്കും. അദ്ദേഹത്തിന്റെ കാര്യത്തിൽ ആർക്കും സംശയമില്ല. സഖാവ് ഇ. എം. എസ്സിനു മതത്തിലും ദൈവത്തിലും വിശ്വാസമില്ല. യക്ഷിയിലും പ്രേതത്തിലുമാണ് ഇ. എം. എസ്സിനും പാർട്ടിക്കും വിശ്വാസം. ഈ രാജ്യത്തെ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തെ തകർത്ത് തരിപ്പണമാക്കാൻ കൂടിയാലോചന നടത്തിക്കൊണ്ട്, പാർട്ടിയിൽ ഗ്രൂപ്പിസമുണ്ടാക്കുന്ന ഇ. എം. എസ്സിനേയും ബാലാനന്ദനെയും അച്യുതാനന്ദനെയും എം. വി. രാഘവനെന്ന പ്രേതം പിടികൂടി ശിക്ഷിക്കും. ആ ഒഴുക്കിൽപെട്ട് മാർക്സിസ്റ്റ് അണികൾ അടുത്ത തിരഞ്ഞെടുപ്പുകഴിയുമ്പോൾ പുതിയ മാർക്സിസ്റ്റു പാർട്ടിയിൽ ഉണ്ടാകുമെന്ന് പറയാൻ ഈ സന്ദർഭം

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ വിനിയോഗിക്കുകയാണ്, അതുകൊണ്ട് ഞങ്ങളെ തള്ളിപ്പറയുമെന്നോ, വിമർശിക്കാമെന്നോ ആരും വ്യാമോഹിക്കേണ്ട. അത് മുട്ടിനു കീഴേ കൈ ഇല്ലാത്തവൻ ചെറുവിരലിലില്ലാത്തവരെ ആക്ഷേപിക്കുന്നതു പോലെയാണ് എന്നു മാർക്സിസ്റ്റു പാർട്ടിയെ ഓർമ്മിപ്പിച്ചുകൊണ്ട് ഞാനീ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു.

ശ്രീ. വി. സി. കബീർ: സർ, ഈ ധനവിനിയോഗ ബില്ലുക്കളെ ഞാൻ എതിർക്കുകയാണ്. അതിനുകാരണം, ഈ ഗവൺമെന്റ് ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാത്ത ഒരു ഗവൺമെന്റായതുകൊണ്ടാണ്. അതുമാത്രമല്ല, എരിതീയിൽ എണ്ണയൊഴിക്കുന്ന ഒരു ഗവൺമെന്റുകൂടിയായതുകൊണ്ടാണ്. ഇന്നു രാവിലെ ഇവിടെ ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി വളരെ രോഷാകുലനാകുന്നതുകണ്ടു. നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചു കയറുന്നതിനെ സംബന്ധിച്ച് പറയാതിരിക്കാൻ വയ്യ. ഒന്നരമണിക്കൂറിനു മുമ്പ് ഞാൻ പാളയം മാർക്കറ്റിൽ പോയിരുന്നു. സാധനങ്ങളുടെ വില ഓരോ മണിക്കൂറിലും കൂടിക്കൊണ്ടിരിക്കുകയാണ്. ഒരു കിലോഗ്രാം ചമ്പാവരിക്ക് അഞ്ചു രൂപയായിരുന്നത് ഈ മാസം മുതൽ അഞ്ചര രൂപയായി, മട്ടഅരിക്ക് നാലു രൂപ എഴുപത്തു പൈസയായിരുന്നത്, നാലു രൂപ തൊണ്ണൂറു പൈസയായി, പരിപ്പിന് 8 രൂപ 50 പൈസയായിരുന്നത് ഇപ്പോൾ ഒൻപതു രൂപ ഇരുപത്തഞ്ചു പൈസയായി, വെളിച്ചെണ്ണ ഇരുപത്തിരണ്ടു രൂപയായിരുന്നത് ഇരുപത്തിനാലു രൂപയായി, കടലയെണ്ണ ഇരുപത്തിനാലു രൂപയായിരുന്നത് ഇരുപത്തിയേഴു രൂപയായി, റിഫൈൻഡ് ഓയിൽ ഇരുപത്തിയേഴു രൂപയിൽനിന്ന് ഇരുപത്തിയൊൻപതു രൂപയായി. അതുപോലെ പഞ്ചസാരയുടെ കാര്യം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ബഹളം വച്ചു. ഒരു കിലോഗ്രാം പഞ്ചസാരയുടെ വില ആറു രൂപയായിരുന്നത് ഇപ്പോൾ ആറു രൂപ നാൽപ്പതു പൈസയായി. മുളകിന് പന്ത്രണ്ടു രൂപയിൽനിന്ന് പതിനാലു രൂപയായി, വെള്ളുള്ളിയുടെ വില ഇരുപത് രൂപയിൽനിന്ന് മുപ്പതു രൂപയായി.

ശ്രീ. പി. വി. മുഹമ്മദ്: നെല്ലിക്കയുടെ വില കൂടിയിട്ടുണ്ടോ?

ശ്രീ. വി. സി. കബീർ: അദ്ദേഹം കഥയറിയാതെ ആട്ടം കാണുകയാണ്. ഇങ്ങനെ സാധനങ്ങളുടെ വില മാസംതോറും കുതിച്ചുകയറിക്കൊണ്ടിരിക്കുകയാണ്. അത് നിയന്ത്രിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് ഇഷ്ടംപോലെ പണം അനുവദിച്ചു കൊടുക്കണമെന്ന് പറയുന്നത്. അതിനോട് യോജിക്കാൻ വയ്യ. ഗവൺമെന്റ് ജീവനക്കാർ സമരത്തിലേക്ക് നീങ്ങുകയാണ്. ഇപ്പോൾ ധനകാര്യമന്ത്രിയെ സീറ്റിൽ കാണാനില്ല. ഗവൺമെന്റ് ജീവനക്കാർ വളരെക്കാലമായി ബോണസ്സിനുവേണ്ടി വാദിക്കുന്നു. എല്ലാവിഭാഗക്കാർക്കും വേണ്ടിയാണ് ഗവൺമെന്റിൽ സ്വാധീനം ചെലുത്തുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടനെ ഗവൺമെന്റ് ജീവനക്കാരുടെ കണ്ണീരൊപ്പും, അവർക്ക് കണ്ണടയും മരുന്നുമൊക്കെ കൊടുക്കുമെന്നും പറഞ്ഞു. ഗവൺമെന്റ് ജീവനക്കാരും അർദ്ധസർക്കാർ ജീവനക്കാരും ബോണസ്സിനു അർഹതപ്പെട്ടവരാണ്. അതുകൊണ്ട് അർഹതയുള്ള ബോണസ്സെങ്കിലും നൽകണം. അല്ലെങ്കിൽ ഒരുമാസത്തെ ശമ്പളമെങ്കിലും ബോണസ്സായി നൽകണമെന്ന് ഈ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. ഈ ഗവൺമെന്റ് സ്പോർട്സ് താരങ്ങളെ പ്രോൽസാഹിപ്പിക്കുന്നുവെന്നു പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്സ്, മന്ത്രിയെയും സീറ്റിൽ കാണാനില്ല. വിദ്യാഭ്യാസവകുപ്പുമന്ത്രിയെങ്കിലും ഇതിനെക്കുറിച്ച് ശദ്ധിക്കണം. നമ്മുടെ നാട്ടിലെ കുട്ടികളും അന്യ സംസ്ഥാനങ്ങളിൽപോയി ദേശീയതാരങ്ങളായി കളിക്കുന്നു. അവർക്ക് വിദ്യാഭ്യാസരംഗത്ത് ഗ്രേസ്മാർക്ക് കിട്ടുന്നില്ല. ഞാൻ തന്നെ പല വിദ്യാർത്ഥികളുടേയും ഗ്രേസ് മാർക്കിനെക്കുറിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയോടും ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പു മന്ത്രിയോടും പറഞ്ഞതാണ്. അവർ നമ്മുടെ മുമ്പിൽവച്ച് വേണ്ടതു ചെയ്യാമെന്നു പറയും, എന്നാൽ ഡി. പി. ഐ. യിൽ പോയിട്ട് അതു പോലെ തിരിച്ചുവരികയാണു ചെയ്യുന്നത്. പല കുട്ടികൾക്കും ഗ്രേസ് മാർക്ക് കിട്ടാതെ തോറ്റിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ അന്തസ്സിനുവേണ്ടി കുട്ടികൾ ജെഴ്സിയൊക്കെ അണിഞ്ഞ് കളിക്കാൻ പോകുന്നു. തിരിച്ചുവരുമ്പോൾ അവർക്ക് ഗ്രേസ്മാർക്ക് കിട്ടാത്തതിന്റെ ഫലമായി തോറ്റുപോകുന്നു. ഈ കുട്ടികൾക്ക് ഗ്രേസ്മാർക്ക് കൊടുക്കുന്നതിന് നിങ്ങളുടെ നയം ഒന്നു തിരുത്തിക്കൂടേ? ഗവൺമെന്റ് അതിനെക്കുറിച്ച് പരിശോധിക്കണം.

വനം വകുപ്പിനെക്കുറിച്ച് രണ്ടുവാക്ക് പറഞ്ഞുകൊള്ളട്ടെ. പാലക്കാട് അയ്യർമല ദേശവൽകൃതവനമാണ്. ആ വനങ്ങളൊക്കെ കാട്ടുകള്ളൻമാർ വെട്ടിവിഴുങ്ങി. എന്നിട്ട് അവിടെ കഞ്ചാവ് കൃഷി നടത്തുന്നു. പാലക്കാട് ഞങ്ങളുടെ മൂക്കിനുതാഴെ കഞ്ചാവ് കൃഷി നടത്തുകയാണ്. ഇത് അനുവദിച്ചുകൊടുക്കുവാൻ പറ്റുമോ? ഞാനിവിടെ പരാതി കൊടുത്തു. പരാതികൊടുത്ത് ഇരുപത്തിനാലു മണിക്കൂറിനകം ആ വാർത്ത ലീക്ക് ആയി. അതിന്റെ ഫലമായിട്ട് അവിടത്തെ കഞ്ചാവെല്ലാം വെട്ടി അവിടത്തെ ആളുകൾ കച്ചവടം നടത്തി. ഇത് വളരെ ഗൗരവമായ ഒരു കാര്യമാണ്. ഇങ്ങനെ വനം കയ്യേറുന്ന ആളുകളെയും കഞ്ചാവ് കൃഷി ചെയ്യുന്ന ആളുകളെയും കർത്തുറുകിലടയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ ഒരിക്കൽക്കൂടി ശക്തിയായി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. ജോർജ്: സർ, നമ്മുടെ ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ നാലര വർഷത്തെ ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തെ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇതിനെ അനുകൂലിക്കുന്നത്. ഇവിടെ ചില കാര്യങ്ങളെക്കുറിച്ച് ശ്രീ. സി. ടി. കൃഷ്ണൻ പറയുകയുണ്ടായി. വിദ്യാഭ്യാസവകുപ്പ്, വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ കയ്യിൽ കിട്ടിയപ്പോൾ കുരങ്ങന്റെ കയ്യിൽ പൂമാല കിട്ടിയതുപോലെയാണെന്ന്. ശ്രീ. സി. ടി. കൃഷ്ണനോട് ഞാൻ ചോദിക്കുകയാണ്, മനഃസാക്ഷിയുടെ അടിസ്ഥാനത്തിലാണോ അങ്ങനെ സംസാരിച്ചത്? ഇവിടത്തെ വരുംകാല തലമുറ രക്ഷപ്പെടട്ടെയെന്നുള്ള ആശയത്തോടുകൂടിയാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ഒരു പുരോഗമനപരമായ നടപടി കൈക്കൊണ്ടത്. ഈ പുരോഗമനപരമായ നടപടിയുടെ മുഴുവൻ അടിത്തറയും തകർക്കാർ ശ്രമിച്ചത് പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികളാണെന്ന് ഞാൻ പറയുന്നു. ആർക്കുവേണ്ടിയാണ് പ്രീഡിഗ്രി ബോർഡ് അനുവദിക്കണമെന്ന് ഈ ഗവൺമെന്റ് ആവശ്യപ്പെട്ടത്? അത് വരുംകാല തലമുറയ്ക്കുവേണ്ടിത്തന്നെയാണ്. വരുംകാല തലമുറയിലെ വിദ്യാർത്ഥികളെങ്കിലും നല്ല രീതിയിൽ വിദ്യയഭ്യസിക്കട്ടെ എന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഈ പുരോഗമനത്തെ നിങ്ങൾ തകർക്കാൻ ശ്രമിച്ചു. ഇതൊക്കെ പൊതുജനങ്ങളും രക്ഷാകർത്താക്കളും നോക്കി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടിരിക്കുകയാണ്. ഞാനൊരുകാര്യം ശ്രീ. കൃഷ്ണനോട് ചോദിക്കുകയാണ്, വിദ്യാഭ്യാസവകുപ്പിനുവേണ്ടി കേന്ദ്രഗവൺമെന്റിൽനിന്നു നുവദിച്ച മുഴുവൻ തുകയും ശ്രീ. സി. ടി. കൃഷ്ണന്റെ നിയോജകമണ്ഡലമുൾപ്പെടെയുള്ള സ്ഥലങ്ങളിൽ ചെലവഴിച്ചതാണ്. ശ്രീ. സി.ടി. കൃഷ്ണന്റെ തൊട്ടടുത്തുള്ള സ്കൂളിലെ വിദ്യാർത്ഥികൾക്കുവേണ്ടി മൂത്രപ്പുര പണിതു കൊടുത്തിരിക്കുന്നു. കെട്ടിടങ്ങളില്ലാത്തിടത്ത് കെട്ടിടങ്ങൾ പണിതുകൊടുത്തിരിക്കുന്നു. അടുത്തതായി ശ്രീ. സി. ടി. കൃഷ്ണൻ ആരോപിച്ചത്, ഇവിടത്തെ ക്രമസമാധാന നില തകർന്നിരിക്കുന്നുവെന്നാണ്. അങ്ങനെയാണെങ്കിൽ കഴിഞ്ഞ നാലര വർഷക്കാലമായി ഇവിടത്തെ ക്രമസമാധാന ലംഘനം നടത്തിയ സാമൂഹ്യവിരുദ്ധർ ഏത് രാഷ്ട്രീയപാർട്ടിയിലുള്ളവരാണെന്നുള്ള സ്ഥിതിവിവരക്കണക്കുകൾ എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് ഞാൻ തെളിവോടുകൂടിയാണ് പറയുന്നതെന്ന് ഇവിടെ ഇരിക്കുന്ന ശ്രീ. സി. ടി. കൃഷ്ണനോടും ശ്രീ. കേശവനോടും പറയുകയാണ്. ചിലപ്പോൾ ശ്രീ. തങ്കപ്പൻ ഇതിനെക്കുറിച്ചറിയാമായിരിക്കും. ഡി. വൈ. എഫ്. ഐ. പ്രവർത്തകരിൽ ഒരാൾ സ്വന്തം പിതാവിന്റെ സഹോദരന്റെ വീട്ടിൽ മുഖംമൂടി ധരിച്ചു ചെന്ന് അദ്ദേഹത്തിന്റെ ഭാര്യയുടെ വായിൽ തുണി തിരുകിവച്ച് അവരുടെ ആഭരണങ്ങളെല്ലാം മോഷ്ടിച്ചു. അയാൾ ഇപ്പോൾ സബ്ജയിലിൽ കിടക്കുകയാണ്. നിങ്ങൾ ചിലപ്പോൾ തള്ളിപ്പറഞ്ഞേക്കാം. പക്ഷേ എന്റെ കൺമുമ്പിൽ വച്ച് നിങ്ങളുടെ ഡി.വൈ.എഫ്.ഐ.യുടെ കൊടിയും പിടിച്ച് നടന്ന പ്രവർത്തകരാണ് ഇത് ചെയ്തത്. സി.പി.ഐ.യും ഒട്ടും പിന്നിലല്ല. ഏതാനും ആഴ്ച കൾക്കുമുമ്പ് സി. പി. ഐ. യിലെ പ്രവർത്തകർ ശ്രീമാൻ ഗോപിയുടെ നേതൃത്വത്തിൽ എന്റെ രാഷ്ട്രീയപാർട്ടിയുടെ പ്രവർത്തകനായ തടിക്കാട് ഗോപാലകൃഷ്ണനെ കൈബോംബെറിഞ്ഞു. അതിന്റെപേരിൽ നാലുപേർ ഇപ്പോൾ സബ്ജയിലിൽ കിടക്കുകയാണ്. ഇത് പരിശോധിക്കണം. ഇവിടത്തെ ക്രമസമാധാന നിലയെ ഒരു പരിധിവരെയെങ്കിലും തകർക്കുന്നതിന്റെ ഉത്തരവാദിത്വം ഇവിടത്തെ കമ്മ്യൂണിസ്റ്റു പാർട്ടികൾക്കാണ്. ഇപ്പോൾ നിങ്ങളുടെ പാർട്ടിക്ക് പാർട്ടിയിലുള്ള സാമൂഹ്യവിരുദ്ധർക്കെതിരായി നടപടിയെടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷം വന്നിരിക്കുന്നു. പണ്ട് എനിക്കറിയാം, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയിൽ സാമൂഹ്യ വിരുദ്ധർ ഉണ്ടായിരുന്നുവെങ്കിൽ നിങ്ങൾ സെൻസർ ചെയ്ത് പുറത്താക്കുമായിരുന്നു. ഇപ്പോൾ ഇവിടെയുള്ള സാമൂഹ്യവിരുദ്ധർക്കെതിരായി ഒരു ചെറുവിരൽപോലും ചൂണ്ടാൻ സാധിക്കാത്ത രാഷ്ട്രീയസാഹചര്യത്തിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ചെന്നുപെട്ടിരിക്കുന്നു. ഒരുകാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. കേരളത്തിലെ ഏത് മുക്കിലും മൂലയിലും ചായപ്പീടികയിലും ഹോട്ടലുകളിലുമൊക്കെ ചെന്നാലും ശ്രീ. എം. വി. രാഘവന്റെ കാര്യമാണ് സംസാരവിഷയം.

സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇടയിൽ മാത്രമല്ല, ഈ കേരളത്തിലെ ജനങ്ങളുടെ ഇടയിൽ മുഴുവൻ ചർച്ചാ വിഷയമായ ഒരു രാഷ്ട്രീയ സംഭവവികാസം ആയതുകൊണ്ട് മാത്രമാണ്. ഇന്ന് വന്ന മാതൃഭൂമിയിലെ ഒരു വാചകം ഞാൻ വായിക്കുകയാണ്. പ്രസംഗിക്കുന്ന ആൾ എന്തെങ്കിലും വായിച്ചാൽ വായിച്ചതിനുശേഷം സാധാരണ പ്രസംഗിക്കുന്ന ആളിനോട് ആണ് ചോദ്യം ചോദിക്കാറുള്ളത്. ഞാൻ അവിടെ ഇരിക്കുന്ന ശ്രീ. ഭരതനോട് ഇത് വായിച്ചതിനുശേഷം ഒരു ചോദ്യം ചോദിക്കും. ഞാൻ ഇത് വായിച്ചതിനുശേഷം അവിടെ ഇരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സി. പി. ഐ. ക്കാരോട്. ഒരു ചോദ്യം ചോദിക്കും. ഈ അസംബ്ലിയിൽ നിങ്ങളും മറുപടി പറയാൻ തയ്യാറാകണം. ഈ അസംബ്ലിയിൽ മറുപടി പറയാൻ തയ്യാറായില്ലെങ്കിൽ നാളെ പുറത്തു പറയണം. അതിൽ പറഞ്ഞിരിക്കുന്നത് ഭരണ വർഗ്ഗത്തിന്റെയും അവരുടെ കോടാലിക്കുടുക്കളുടെയും നിഗൂഢ നീക്കങ്ങളെ അർഹിക്കുന്ന ഗൗരവത്തോടുകൂടി കാണുകയും നേരിടുകയും ചെയ്യുന്നതിനുപകരം മേഗ്യന്തരേണ അതിന് സഹായകരമായി നിലകൊള്ളുകയും, സാരോപദേശം നടത്തുകയും, അവസാനം ഇതെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആഭ്യന്തര കാര്യമാണെന്നുപറഞ്ഞ് കൈ കഴിയുകയും ചെയ്യുന്ന ചിലരുടെ നയം കേരളത്തിലെ ജനങ്ങൾ പ്രതീക്ഷിച്ചിട്ടുള്ള ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ പൊതു ഗുണത്തിന് സഹായകരമല്ല എന്നാണ്. ഒന്നുകിൽ ശ്രീ. ഒ. ഭരതൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റിയല്ല ഇത് പറഞ്ഞിരിക്കുന്നതെന്ന് പറയണം. അതുസംബന്ധിച്ച് സി. പി. ഐ. യുടെ നിലപാട് ഇവിടെ വ്യക്തമാക്കേണ്ടതാണ്. ഒരു കാര്യം എനിക്ക് വ്യക്തമായി. ഇപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വിപ്ലവം ഇല്ലാത്ത, വീര്യമില്ലാത്ത.....

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: സർ, ബഹുമാനപ്പെട്ട ശ്രീ. ജോർജ്ജ് ഇപ്പോൾ പറഞ്ഞു, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഇന്ന് ഉണ്ടായ കുഴപ്പങ്ങൾ അവരുടെ ആഭ്യന്തര കാര്യമാണെന്ന് സഖാവ് അച്യുതമേനോൻ അല്ലേ അത് പറഞ്ഞത്?

ശ്രീ. എ. ജോർജ്ജ്: സർ, അത് ഞങ്ങൾക്ക് അറിയേണ്ട കാര്യമാണ്. ശ്രീ. ഭരതൻ പറയണം. ഈ രാഷ്ട്രീയ സംഭവവികാസം നിങ്ങളുടെ ആഭ്യന്തര പ്രശ്നമാണോ? നിങ്ങൾ വ്യക്തമാക്കണം. ആഭ്യന്തരപ്രശ്നമാണെങ്കിൽ ഞങ്ങൾ അതിൽ ഇടപെടുകയില്ല. ഇപ്പോഴത്തെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി വിപ്ലവവും വീര്യവുമില്ലാത്ത മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയായി ഈ കേരളത്തിൽ അധഃപതിച്ചിരിക്കുന്നു. ഞാൻ ഈ ബില്ലുകളെ അനുകൂലിക്കുന്നു.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, ഞാൻ ഈ ധനവിനിയോഗബില്ലുകളെ എതിർക്കുന്നു. നമ്മുടെ സംസ്ഥാന ജനസംഖ്യയുടെ ശേഷിയെപ്പറ്റി കൂടുതൽ എന്തെങ്കിലും ഈ അവസരത്തിൽ പറയുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. നമുക്ക് കേന്ദ്രത്തിൽനിന്ന് ആവശ്യമായ ധനസഹായം കിട്ടുന്നില്ല. നമ്മുടെ വ്യവസായ മേഖലയിൽ അർഹമായ നിക്ഷേപങ്ങളും ഉണ്ടാകുന്നില്ല. എന്നാൽ എന്തെങ്കിലും സഹായം ലഭ്യമാകുന്നു എങ്കിൽ ആ സഹായം നമ്മെ ന്യായമായ രീതിയിൽ വിനിയോഗിക്കുന്നുമില്ല. ഇന്നലെ കേന്ദ്ര പാർലമെന്റിൽ ഗ്രാമപ്രദേശങ്ങളിലെ ദരിദ്രവിഭാഗത്തെ ഉയർത്തിക്കൊണ്ടു വരുന്നതിലേക്കുവേണ്ടി അനുവദിച്ച തുക മുഴുവനായി ചെലവാക്കാത്ത സംസ്ഥാനങ്ങളിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് കേരളമാണെന്ന് കേന്ദ്ര മന്ത്രി മറുപടി പറഞ്ഞു. 80 ശതമാനത്തോളം മാത്രമേ കേരളം ചെലവഴിച്ചിട്ടുള്ളൂ. ഐ. ആർ. ഡി. പി. പദ്ധതിക്കുവേണ്ടി അനുവദിച്ച തുക മുഴുവനും ചെലവാക്കാത്ത സംസ്ഥാനങ്ങളിൽ ആദ്യത്തേതും മുന്നിൽ നിൽക്കുന്നതും കേരളമാണ്. നിങ്ങൾ എപ്പോഴും പരാതി പറയുന്ന പടിഞ്ഞാറൻ ബംഗാൾ ഉണ്ടല്ലോ, ആ ബംഗാൾ അനുവദിച്ചതിനേക്കാൾ 30 ശതമാനത്തോളം കൂടുതൽ ചെലവഴിച്ചു. ആ രീതിയിൽ നിങ്ങൾക്ക് എന്തിനാ ഈ ധനം വിനിയോഗിക്കുന്നതിന് അനുവാദം നൽകണം. ഗ്രാമപ്രദേശങ്ങളിലെ തൊഴിലില്ലായ്മയുടെ

LIBRARY ARCHIVES Kerala Legislative Assembly

അവസ്ഥയെപ്പറ്റി ഞാൻ ഒന്ന് സൂചിപ്പിച്ചതാണ്. സർ, മാനവും മാംസവും വിൽക്കാൻ ചെറുപ്പക്കാരികളും നിർബന്ധിതരായിത്തീരുന്ന അവസ്ഥയാണ് ഇന്ന് ഗ്രാമപ്രദേശങ്ങളിൽ ഉള്ളത്. അത്തരത്തിലുള്ള പെൺകുട്ടികളെ സാമ്പത്തികശേഷിയുള്ള വല്ലവരും കടത്തിക്കൊണ്ടുപോയിക്കഴിഞ്ഞാൽ ആ പ്രദേശങ്ങളിലെ പാവപ്പെട്ട ചെറുപ്പക്കാരെ പോലീസുകാർ കടന്നാക്രമിക്കാനോ, കള്ളക്കേസ്സുകളിൽ കുടുക്കാനോ നോക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ പുവച്ചൽ തുടങ്ങിയ പ്രദേശങ്ങളിൽ അത്തരം സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. മുകളിൽ നിന്നുള്ള സമ്മർദ്ദംകൊണ്ട് നിരപരാധികളുടെ പേരിൽ കള്ളക്കേസ് ഉണ്ടാക്കാനുള്ള പരിശ്രമങ്ങൾ ഇന്ന് നടക്കുന്നു. ഈ സാഹചര്യം അനുവദിക്കരുത്. മുകളിൽനിന്ന് പോലീസ് ഇത്തരത്തിലുള്ള നടപടികളിൽ ഇടപെടരുത്. അത് ന്യായമായ നീതിനിർവ്വഹണത്തിന് തടസ്സമാണ്. ഈ പിന്നോക്ക പ്രദേശങ്ങളിലെ ഗ്രാമപ്രദേശങ്ങളിലെ തൊഴിലില്ലാത്തവരുടേയും ദരിദ്രരായിട്ടുള്ളവരുടേയും ഉന്നതിയുടെ കാര്യം പറയുമ്പോൾ എന്റെ മണ്ഡലത്തിൽ ഗിരിവർഗ്ഗത്തിൽപ്പെട്ട കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപെൻറ് കിട്ടാത്ത എത്രയോ സംഭവമുണ്ട്. കുടിശ്ശിക ഇനിയും കൊടുക്കാൻ നടപടികളും ഉണ്ടായിട്ടില്ല. നമ്മുടെ തേയില വ്യവസായത്തിൽ സ്തംഭനം ഉണ്ടെന്നു ഇവിടെ ശ്രീ. തോമസ് സൂചിപ്പിച്ചു. പക്ഷേ ഈ സ്തംഭനത്തിന്റെ മറവിൽ തൊഴിലാളികൾക്ക് മിനിമം വേജസ് കൊടുക്കാതെ, തൊഴിലാളികൾക്ക് അർഹമായ ബോണസ് കൊടുക്കാതെ, നിർദ്ദിഷ്ട സമയങ്ങളിൽ തൊഴിലാളികൾക്ക് കൂലി നൽകാതെ എസ്റ്റേറ്റുകളിൽ ലോക്കൗട്ട് ചെയ്തിട്ടിരിക്കുന്ന എത്രയോ സംഭവങ്ങൾ നമ്മുടെ ഹൈറേഞ്ചിലുണ്ട്. കോട്ടയം ഹൈറേഞ്ചിലെ തുടങ്ങിയ എസ്റ്റേറ്റുകളിലെ ഉടമകൾ അവിടെ തൊഴിലാളികളെ തെരുവാധാരമാക്കിക്കൊണ്ട്, അവർക്ക് ശമ്പളം കൊടുക്കാതെ, അവർക്ക് ബോണസ് കൊടുക്കാതെ അടച്ചിട്ടിരിക്കുന്നു. അത്തരം കാര്യങ്ങളിൽ ഒരു നടപടി സ്വീകരിക്കാൻ, ഒരു അനുരഞ്ജന സമ്മേളനം പോലും വിളിച്ചുകൂട്ടാൻ നമ്മുടെ തൊഴിൽവകുപ്പിന് ഇനിയും സമയം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ള ഒരു സാഹചര്യം നമ്മുടെ കേരള സംസ്ഥാനത്ത് നിലനിൽക്കുമ്പോൾ ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കാൻ സാദ്ധ്യമല്ല.

ശ്രീ. സി. ജി. ജനാർദ്ദനൻ: സർ, മഹാരാജാരാജമാന്യ ശ്രീ. ആധുനിക ഗാന്ധി അച്യുതാനന്ദപ്പാട് എഴുതിക്കൊടുത്ത ലേഖനം കൊണ്ടുവന്ന് നിരപരാധിയായ ആലത്തൂർ മെമ്പർ ഇവിടെ പ്രസംഗിച്ചു. ഈ നിയമസഭയിലെ 30 അംഗങ്ങളിൽ 3 പേർ പോയി, ബാക്കി അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയാക്കാൻ ഒപ്പിട്ടുകൊടുത്തവർ മുഴുവൻ പോകാനിരിക്കുന്നു. പാവപ്പെട്ട നിരവധി അംഗങ്ങൾ, ബദൽ പരിപാടിയിൽ ഒപ്പിട്ടു എന്ന കാരണത്തിന് പുറത്താക്കപ്പെട്ടവർ ഇത് കഴിഞ്ഞ് തിരഞ്ഞെടുപ്പിൽ അവർ പുറത്താക്കപ്പെടുമെന്ന് മനസ്സിലാക്കാതെ പറയുന്നു. ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. ഞാൻ കാര്യത്തിലേക്ക് കടക്കട്ടെ. ബഹുമാനപ്പെട്ട സ്പീക്കർ, ഈ രാജ്യത്ത് ഞങ്ങളുടെ എല്ലാം മാന്യത ഉയർത്തി, ഉന്നതമായ മാനണ്ഡം നിലനിർത്തി. പക്ഷേ ഇന്നുകാലത്ത് ഞാൻ ഏകാന്ത അടവിൽ പെട്ടു. അവിടെ എന്റെ സഹപ്രവർത്തകർ വന്ന് ലിഫ്റ്റിന്റെ വാതിൽ പൊളിച്ചില്ലെങ്കിൽ എനിക്ക് പുറത്തുകടന്നു വരാൻ സാധിക്കുകയില്ലായിരുന്നു. നിരവധി രോഗികളും മേശപ്പുറത്ത് മരിച്ചുവീഴുന്നു ഓപ്പറേഷനിടയ്ക്ക് ലൈറ്റില്ലാതെ. ഇവിടെ കാലത്ത് 8.30 മുതൽ വൈകുന്നേരം 1.30 വരെ ധർമ്മക്കാർ പണിയെടുക്കുന്നതുപോലെ പണി

LIBRARY ARCHIVES Kerala Legislative Assembly

യെടുത്ത് 1000 ഉറുപ്പിക പെൻഷൻ വാങ്ങണമെന്നാണല്ലോ നമ്മുടെ നിയമം. ഞാൻ 5 രൂപ പോക്കറ്റിലിട്ട് ഹോട്ടലിലേക്കുപോയി ഊണ് കഴിക്കാൻ. ഊണ് കഴിച്ച് അവിടെ ഇരിക്കുന്ന സന്ദർഭത്തിൽ എൻ. ഡി. പി. നേതാവ് ശ്രീ. തേമ്പിൽ രാമകൃഷ്ണൻ വന്നില്ലായിരുന്നെങ്കിൽ എന്നെ അവിടെ പിടിച്ചിരുത്തി ടേബിളം ക്ലീൻ ചെയ്യാൻ പറയുമായിരുന്നു. അതാണ് ഞങ്ങളുടെ സ്ഥിതി. നമ്മുടെ ധനകാര്യമന്ത്രിയെ പരാജയപ്പെടുത്താൻ ഒരു വലിയ ഗൂഢാലോചന ശ്രീമതി ഗൗരിയമ്മ സഹിതം ഇവിടെ തുടങ്ങിയിരിക്കുന്നു. ആ ഗൂഢാലോചനയിൽപ്പെടാതെ ഞങ്ങളെ രക്ഷിക്കേണമേ പ്രഭോ കർ, ഞങ്ങളെ രക്ഷിക്കേണമേ, ഞങ്ങളെ ഈ അപമാനത്തിൽ നിന്ന് രക്ഷിക്കേണമേ. ഞങ്ങളുടെ മുഖ്യമന്ത്രിക്ക് ഇത് മനസ്സിലാകുന്നില്ല. ഏങ്കിൽ ആശുപത്രിയിൽ ജനറേറർ ഇല്ലാതെ ആളുകളം മരിക്കില്ലായിരുന്നു. ലിഫ്റ്റിൽ കയറിയിട്ട് അവിടെ കിടന്ന് ഞങ്ങളം പിടഞ്ഞ് മരിക്കില്ലായിരുന്നു. ഈ കേരളാ ഗവൺമെൻറ് ജനറേറററുകളം വച്ചെങ്കിലും ഞങ്ങളെ രക്ഷിക്കേണമേ ധനകാര്യമന്ത്രി പ്രഭാകരാ എന്ന് പറഞ്ഞുകൊണ്ട് ഞാൻ വളരെ ശക്തിയായി ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. കെ. നായർ: സർ, ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിലവതരിപ്പിച്ച ധനവിനിയോഗ ബില്ലുകളെ ഞാൻ അനുകൂലിക്കുകയാണ്. ഒരു മലയോര പ്രദേശത്തുനിന്ന് വന്ന ഞാൻ ആ മലയോര

2 P. M.] പ്രദേശത്തിന്റെ സാമ്പത്തിക അവസ്ഥ ഗവൺമെൻറിന്റെ മുമ്പിൽ നിരത്തിവയ്ക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. പുതുതായി രൂപവൽക്കരിക്കപ്പെട്ട ജില്ലകളിലൊന്നായ പത്തനംതിട്ട ജില്ല കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലമായി നിരന്തരമായ സാമ്പത്തിക പ്രശ്നത്തിൽക്കൂടി നമ്മുടെ സംസ്ഥാനം കടന്നു പോയതുകൊണ്ട് ഈ ജില്ലയിലെ പോരായ്മകളം പരിഹരിക്കുന്നതിന് സാധിച്ചിട്ടില്ല. അതുകൊണ്ട് ഗവൺമെൻറ് ചില കാര്യങ്ങളിൽ പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ടതാണ്. പത്തനംതിട്ടയിൽ ആംഡ് റിസർവ് ക്യാമ്പിനുവേണ്ടി 200 അംഗങ്ങം അടങ്ങുന്ന രണ്ടു കമ്പനി അനുവദിച്ചിരുന്നു. പക്ഷേ അവർ ഇന്ന് കഴിഞ്ഞുകൂടുന്നത് വളരെ പഴക്കമുള്ള കാർട്ടേഴ്സിൽ പത്തും പതിനഞ്ചും ആളുകളം ഒന്നിച്ചാണ്. അവരുടെ ഇന്നത്തെ ദുഃസ്ഥിതി പരിഹരിക്കുന്നതിനുവേണ്ടി ആവശ്യമായ സ്ഥലം പൊന്നിൻ വിലയ്ക്കെടുത്ത് താമസസൗകര്യം ഉണ്ടാക്കിക്കൊടുക്കണം. അതുപോലെ ഈ ജില്ലയിൽ പുതുതായിട്ട് വന്ന ഉദ്യോഗസ്ഥൻമാർക്കും എൻ. ജി. ഒ. മാർക്കും താമസസൗകര്യമില്ലാതെ ബുദ്ധിമുട്ടുന്ന സ്ഥിതിവിശേഷമാണുള്ളത്. വീട്ടു വാടക ഇരട്ടിയിലധികമായി വർദ്ധിച്ചിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. അവർക്കാവശ്യമായ കാർട്ടേഴ്സ് ഉണ്ടാക്കുന്ന കാര്യത്തിൽ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണം. ഈ ജില്ലയുടെ പകുതിയിലേറെ ഭാഗം മലയോര പ്രദേശമാണ്. അവിടെ പതിനായിരക്കണക്കിന് ആളുകൾ തിങ്ങിപ്പാർക്കുകയാണ്. അവർക്ക് ആവശ്യമായ യാത്രാ സൗകര്യമോ മറ്റു സൗകര്യങ്ങളോ ഒന്നുമില്ല.

സർ, ഇന്ന് ഒരു നിയോജകമണ്ഡലത്തിൽ രണ്ടു റോഡ് എന്നുള്ള നിലയിൽ ഗവൺമെൻറ് ഉറച്ചു നിന്നാൽ 50 വർഷം കഴിഞ്ഞാലും ഈ മലയോര പ്രദേശങ്ങൾക്ക് മോചനമുണ്ടാവുകയില്ല. അതുകൊണ്ട് മലയോര പ്രദേശങ്ങളുടെ വികസന പദ്ധതി മനസ്സിൽ കണ്ടുകൊണ്ട് മലയോര വികസന അതോറിറ്റി ഉണ്ടാക്കുന്നതിന് ഗവൺമെൻറ് തയ്യാറാകണം. മറ്റു

LIBRARY ARCHIVES Kerala Legislative Assembly

ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നത്, സർക്കാരിന്റെ സമ്പത്ത് കാത്തു സൂക്ഷിക്കുന്നതിൽ കുറെക്കൂടി ജാഗ്രത കാണിക്കണം. ഞങ്ങളുടെ സ്ഥലം വനപ്രദേശങ്ങൾ കൂടുതലുള്ള പ്രദേശമാണ്. അവിടെ ഉണ്ടാക്കുന്ന തേക്കിൻ കഴ, ഇവിടെ വരുമ്പോൾ നാലാം കിട കഴയ്ക്ക് അൻപതും അറുപതും രൂപ വില കൊടുക്കേണ്ടി വരും. പക്ഷെ ഇത് ലേലം ചെയ്യുമ്പോൾ സർക്കാരിന് അഞ്ചു രൂപപോലും കഴയ്ക്ക് കിട്ടാത്ത സ്ഥിതിവിശേഷമാണുള്ളത്. എന്തുകൊണ്ടാണ് ഈ സ്ഥിതിയുണ്ടാകുന്നത് എന്ന് ഗവൺമെന്റ് അന്വേഷിക്കണം. മലഞ്ചരക്കുകളെ സംബന്ധിച്ചിടത്തോളം ലക്ഷങ്ങണക്കിന് രൂപ ഗവൺമെന്റിന് ആദ്യം കിട്ടിക്കൊണ്ടിരുന്നതാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി ചില പ്രത്യേക ഏജൻസികളെ ഏൽപ്പിച്ചതുകൊണ്ട് ഗവൺമെന്റിന് ഭീമമായ നഷ്ടം അക്കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് വസ്തു പൊന്നിന് വിലയ്ക്കെടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് കുറെക്കൂടി ശ്രദ്ധിക്കണം. റവന്യൂ അധികാരികളുടെയും ഗവൺമെന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും അനാസ്ഥകൊണ്ട് ഗവൺമെന്റിന് ലക്ഷക്കണക്കിന് പണം ഈ ഇനത്തിൽ ചോർന്നുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ വിവിധ ഇനത്തിൽ ഗവൺമെന്റിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സമ്പത്ത് ക്രോഡീകരിച്ച് രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി ഗ്രാമപ്രദേശങ്ങളിലെ വികസനത്തിനുവേണ്ടി ചെലവഴിക്കണം. ഇന്ന് ഞങ്ങൾക്ക് എന്തെങ്കിലും പ്രതീക്ഷയ്ക്കു വക നൽകുന്നത് നമ്മുടെ സംസ്ഥാനത്തെ പാർട്ട് 2 ബഡ്ജറാണ്. ആ പാർട്ട് 2 ബഡ്ജറ് പരിശോധിച്ചതിൽ സംസ്ഥാനത്തിലെ ചില പ്രത്യേക ജില്ലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ബഡ്ജറാണോയെന്ന് ഞങ്ങൾക്ക് സംശയം തോന്നുന്നു. പല കാര്യങ്ങളിലും മലയോര ജില്ലയായ ഞങ്ങളുടെ ജില്ലയിലുള്ള റോഡുകൾക്ക്. 'നിൽ' പ്രൊവിഷനാണ്. ആ പ്രൊവിഷൻ കിടക്കുന്നതുകൊണ്ട് റോഡുകളുടെ വികസനത്തിനുവേണ്ടി സാദ്ധ്യമാകാത്ത സ്ഥിതി വിശേഷമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ഒരു കാര്യം മാത്രം ഞാൻ ആവശ്യപ്പെടുന്നു. ഈ രാജ്യത്തെ സമ്പത്ത് വീതിക്കുന്ന അവസരത്തിൽ ആനുപാതികമായ അവകാശം എല്ലാ ജില്ലകൾക്കും അനുവദിച്ചു കൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ധനകാര്യ ബില്ലുകളെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ എതിർക്കുന്നു. ഈ സംസ്ഥാനത്തിന്റെ ക്രമസമാധാന നില പരാജയപ്പെടുകയും പോലീസ് പല സ്ഥലങ്ങളിലും നിർജ്ജീവമായിരിക്കുകയും ചെയ്തിരിക്കുന്നു. ഒരു സംഭവം ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

1986 ഏപ്രിൽ 24-ാം തീയതി നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മാരായമുട്ടത്ത്, ഒരു സംഘം സാമൂഹ്യ വിരുദ്ധൻമാർ രാഷ്ട്രീയത്തിന്റെ മറ പിടിച്ചുകൊണ്ടാണ് അഴിഞ്ഞാട്ടം നടത്തിയത്. ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശത്തുചെന്ന് അവിടെ സൈരമായി അർദ്ധരാത്രിയിൽ കിടന്നുറങ്ങിയിരുന്ന ശിശുപാലൻ എന്ന യുവാവിനെ വീട്ടിൽക്കയറി വെട്ടിയും കുത്തിയും മുറിവേൽപ്പിച്ചു. അങ്ങനെ മുറിവേൽപ്പിച്ചതിന്റെ ഫലമായിട്ട് അയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പോലീസ് കേസെടുത്തു. പക്ഷേ യാതൊരു നടപടിയും നടന്നില്ല. ഇന്നും ഈ സാമൂഹ്യ വിരുദ്ധൻമാർ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയത്തിന്റെ മറ പിടിച്ചുകൊണ്ട് എത്രയോ ക്രൂരമായ പ്രവൃത്തികളും നടത്തിയെങ്കിൽപ്പോലും അവർ പോലീസിന്റെ അറസ്റ്റിനു വിധേയരാകാതെ നടക്കുകയാണ്. അതിനെത്തുടർന്ന് രണ്ടാഴ്ച കഴിഞ്ഞ് മറ്റൊരു ഹരിജൻ യുവാവിനെ ബസ്സിൽ യാത്ര ചെയ്യുമ്പോൾ ബസ്സിനകത്തുവച്ച് അടിച്ചവശനാക്കി. കുത്തി മുറിവേൽപ്പിച്ചു. അതിനു കേസെടുത്തു. അതിനെത്തുടർന്ന് പ്രതിയെ അറസ്റ്റ് ചെയ്യുകയോ കോടതിയിൽ ഹാജരാക്കുകയോ ചെയ്യുന്ന ഒരു നടപടിയും ഉണ്ടായില്ല. അങ്ങനെ പോലീസ് നിർജ്ജീവമായിരിക്കുന്നു. രാഷ്ട്രീയത്തിന്റെ പേരിൽ ഭരണസ്വാധീനമുപയോഗിച്ച് ആരൊക്കെയോ വിളിച്ചു പറയുന്നു അറസ്റ്റു ചെയ്യുവാൻ അനുവദിക്കുന്നില്ലെന്ന്, പോലീസ് ഇങ്ങോട്ട് പരാതി പറയുന്ന സ്ഥിതിവിശേഷത്തിൽ എത്തിയിരിക്കുകയാണ്. മായമുട്ടം പ്രദേശത്ത് ക്രമസമാധാന നില താറുമാറായ സാഹചര്യത്തിൽ ഇരുവിഭാഗം ആളുകളെയും പ്രതികളാക്കി 107-ാം വകുപ്പനുസരിച്ച് കേസെടുത്തു. അതിൽ 25 എതിർ കക്ഷികളുണ്ട്. ഒന്നു മുതൽ പന്ത്രണ്ടുവരെ ആളുകൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രവർത്തകരാണ്. അവരെ അറസ്റ്റ് ചെയ്തത് കോടതിയിൽ ഹാജരാക്കി ജാമ്യത്തിലിറക്കിവിടുകയും ചെയ്തു. പക്ഷെ ഭരണകക്ഷിയുമായി ബന്ധമുള്ള ലേബലിൽ നടക്കുന്ന ഏതാനും സാമൂഹ്യ വിരുദ്ധരെ പോലീസ് സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്നു. മുകളിൽ നിന്നുള്ള ഇടപെടൽ നിമിത്തം അവരെ അറസ്റ്റ് ചെയ്യാതെ വിട്ടയയ്ക്കുകയാണ് ചെയ്തത്. ഈ രീതിയിൽ രാഷ്ട്രീയ ലേബലിൽ ഏതെങ്കിലും ഒക്കെ സാമൂഹ്യ വിരുദ്ധൻമാർ അഴിഞ്ഞാടിയാൽ അവർക്കെതിരെ യാതൊരു നടപടിയും ഉണ്ടാകാത്ത സാഹചര്യം ഇന്ന് ഈ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നു. ഇതുപോലെയുള്ള നൂറുനൂറു സംഭവങ്ങൾ നിരത്തിവയ്ക്കാൻ സാധിക്കും. അതിൽ ഒരു സംഭവം മാത്രം പറഞ്ഞു എന്നേയുള്ളൂ.

സർ, ആശുപത്രികളുടെ മെന്നീയാവസ്ഥ ഈ സഭയിൽ പറയാതെ മാറ്റിവെയ്ക്കുവാൻ പറയാൻ നിർവ്വാഹമില്ല. ഞാൻ ഈ സഭയിൽ കാളിംഗ് അറ്റൻഷനിലൂടെയും സബ്മിഷനിലൂടെയും ഈ കാര്യം അവതരിപ്പിച്ചതാണ്. നെയ്യാറ്റിൻകര താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിലെ ശോചനീയാവസ്ഥ. അവിടെ ഏതെങ്കിലും വിദഗ്ദ്ധൻമാരെ ആവശ്യമുണ്ടെങ്കിൽ ഹാർട്ടിന്റെ സ്പെഷ്യലിസ്റ്റിനെ വേണമെങ്കിൽ ഗൈനക്കോളജിയുടെ ഒരു ഡോക്ടറെ നിയമിക്കും. ഇ. എൻ. ടി. യുടെ ഡോക്ടറെ വേണമെങ്കിൽ ലിംബിന്റെ ഡോക്ടറെ നിയമിക്കും. ആവശ്യത്തിനുള്ള ഡോക്ടറെ നിയമിക്കുന്നില്ല. ശുചീകരണ പ്രവൃത്തികളും നടക്കുന്നില്ല. ആവശ്യത്തിനു മരുന്നില്ല. ഈ അടുത്ത കാലത്ത് ഏതാണ്ട് ഈ സഭ തുടങ്ങിയശേഷമാണ് നമ്മുടെ ഡവലപ്പ്മെന്റ് മിനിസ്റ്റർ അമ്പൂരി കേന്ദ്രമായി പ്രവർത്തിക്കേണ്ട ആശുപത്രിയുടെ ഉൽഘാടനം കുറിച്ചത്. ഒരു ദിവസം അവിടെ ഒരു ഡോക്ടർ വന്നു. അതിനുശേഷം അവിടെ ഡോക്ടർ വരുന്നില്ല. ആവശ്യത്തിനുള്ള സ്റ്റാഫില്ല. പഞ്ചായത്തുകൾതോറും പ്രവർത്തിക്കുന്ന ആശുപത്രികളുടെ സ്ഥിതി ഇതാണ്. പക്ഷെ ഇവിടെ കഴിഞ്ഞ കാലഘട്ടങ്ങളിൽ ധൂർത്തടിച്ച പണത്തിൽനിന്ന് ഇതിനുവേണ്ടി ചെലവഴിക്കുവാൻ ചോദിക്കുമ്പോൾ അതിനോട് അനുകൂലിക്കുവാൻ സാദ്ധ്യമല്ലാത്ത ഈ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ ധനദുർവിനിയോഗ ബില്ലിനെ എതിർക്കുന്നു. അധികാര വികേന്ദ്രീകരണം തുരങ്കം വച്ച് വരോണ് അപ്പുറത്തിരിക്കുന്നവർ. അഴിമതി വികേന്ദ്രീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒന്നര വർഷമായി സ്തംഭിച്ചിരിക്കയാണ്. വികസന പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. സർക്കാർ ഗ്രാന്റ് ഒന്നും കൊടുക്കുന്നില്ല. മുകുന്ദപുരം താലൂക്കിൽ 27 പഞ്ചായത്തുകളുടെ പ്രവർത്തനം താലൂക്ക് ആഫീസറാണ് നടത്തുന്നത്. ഇരിങ്ങാലക്കുട സിവിൽ സ്റ്റേഷനു 13 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തിട്ട് വർഷങ്ങളായി. യാതൊരു നടപടിയും ഇല്ല. ഇരിങ്ങാലക്കുട ട്രാൻസ്പോർട്ട് സ്റ്റേഷനു കല്ലിട്ടിട്ട് നാലു വർഷമായി. ഒന്നും സംഭവിച്ചിട്ടില്ല. നാട്ടുകാരനായ വകുപ്പുമന്ത്രി അടിയന്തിര നടപടി സ്വീകരിക്കണം. ഓടിക്കൊണ്ടിരുന്ന വണ്ടികൾപോലും നിർത്തലാക്കിയിരിക്കയാണ്. പകുതിയിലേറെ ഇപ്പോഴും കട്ടപ്പുറത്താണ്. ഇരിങ്ങാലക്കുടയിൽ കാക്കത്തുരുത്തി, ഷൺമുഖം കനാൽതീരങ്ങളിൽ അഞ്ചു കിലോമീറ്റർ നീളത്തിൽ മുപ്പതു വർഷത്തിലേറെയായി മൂവ്വായിരം കുടിലുകളുണ്ട്. രണ്ടായിരം കുടിലുകൾ ഹരിജനങ്ങളുടേതാണ്. മുന്നൂറു പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. എല്ലാവർക്കും പട്ടയം നൽകണം. വിദ്യാഭ്യാസമന്ത്രി കാലത്ത് വിവരമില്ലാതെയാണ് മറുപടി പറഞ്ഞത്. 5009 റിസർവ്ഡ് കണ്ടക്ടർമാരുടെ ലിസ്റ്റ് പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ട് ആരെയും എടുത്തില്ല. സമരം ചെയ്തവരെ സർക്കാർ വഞ്ചിച്ചു. കോടതികളെ ധിക്കരിച്ചു. കെ.എസ്.ആർ.ടി.സി. തൊഴിലാളികൾക്ക് നാലു കൊല്ലമായി യൂണിഫോറം പോലും കൊടുത്തിട്ടില്ല.. കെ. എസ്. ആർ. ടി. സി. കുളംതോണ്ടിയിരിക്കുകയാണ്. തൊഴിലാളി അനുപാതം പതിനൊന്നരയിൽ നിന്നും എട്ടും ഒൻപതുമാക്കിയിരിക്കുകയാണ്. അവരുടെ അദ്ധ്വാനഭാരം വർദ്ധിപ്പിച്ചു. ജനങ്ങൾക്കു കുടിവെള്ളംപോലും കൊടുക്കുന്നില്ല. ക്രമസമാധാനം തകർത്തു. വിദ്യാഭ്യാസം കച്ചവടമാക്കി. ഈ സർക്കാർ നാട്ടെല്ലുണ്ടെങ്കിൽ ഉടനെ തെരഞ്ഞെടുപ്പ് നടത്തണം.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഇവിടെ പ്രതിപക്ഷത്തെ മെമ്പർമാർ ഈ ധനവിനിയോഗ ബിൽ ദുരുപയോഗം ചെയ്യാനാണെന്നും, ഈ ഗവൺമെന്റ് ജനക്ഷേമകരമായ പരിപാടികളൊന്നും നടപ്പാക്കാത്ത ഗവൺമെന്റാണെന്നുമൊക്കെ പറയുകയുണ്ടായി. അത് ഒരു ആവർത്തനം മാത്രമാണ്. ഈ ഗവൺമെന്റിന്റെ നയത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ ഇവിടെ പ്രകടമാക്കുകയുണ്ടായി. ആ അവസരത്തിൽ ഈ ഗവൺമെന്റിന്റെ കൃഷിക്കാരോടുള്ള സമീപനമെന്തായിരുന്നു, അവരെ എത്തെല്ലാം രീതിയിൽ സഹായിക്കാൻ കഴിയും, പരമ്പരാഗത വ്യവസായങ്ങളുടെ നിലനിൽപ്പ് എങ്ങനെയായിരിക്കും, അതിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിനു തൊഴിലാളികളുടെ താൽപ്പര്യങ്ങൾ എങ്ങനെ പരിരക്ഷിക്കാം എന്നുതുടങ്ങിയുള്ള കാര്യങ്ങളിലും അതുപോലെ, അഗതികളായ ആളുകളോടുള്ള ഈ ഗവൺമെന്റിന്റെ സമീപനമെന്തായിരുന്നു എന്നതൊക്കെ ഇവിടെ വ്യക്തമാക്കുകയുണ്ടായി. സർ, ഈ രാജ്യത്ത് ഇന്നു നമ്മുടെ സമൂഹത്തിലെ ദുർബ്ബലവിഭാഗങ്ങളെ പ്രക്ഷോഭണങ്ങളിലൂടെയും മാറ്റു രീതികളിലും സംഘടിപ്പിച്ചുകൊണ്ട് സ്വാധീനം നിലനിർത്തിയിരുന്ന ഒരു പാർട്ടിയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. പക്ഷേ ശ്രീമതി ഇന്ദിരാഗാന്ധി ഇരുപതിന സാമ്പത്തിക പരിപാടി അവിഷ്കരിച്ചതോടുകൂടി എൻ. ആർ. ഇ. പി., ഐ. ആർ. ഡി. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികൾ വഴി തൊഴിൽ സാദ്ധ്യതകളും ഗ്രാമങ്ങളുടെ വികസന സാദ്ധ്യതകളുമെല്ലാം വർദ്ധിച്ചതോടുകൂടി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ജനങ്ങളുടെയിടയിലുള്ള സ്വാധീനം പടിപടിയായി കുറഞ്ഞുകൊണ്ടിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നുവെന്നുള്ളത് എല്ലാവർക്കും അറിയാം. ഈ രാജ്യത്തെ ജനങ്ങൾ മാർക്സിസ്റ്റ് പാർട്ടിയുടെ സ്വാധീനം കാണുന്നത് തെരഞ്ഞെടുപ്പിലൂടെയാണ് തെളിയിച്ചിട്ടുള്ളത്. കയർത്തൊഴിലാളികളുടെ ഈറ്റില്ലമായ, കർഷകത്തൊഴിലാളികളുടെ ഈറ്റില്ലമായ ഏതെങ്കിലും ഒരു നിയോജകമണ്ഡലത്തിൽനിന്ന് നിങ്ങൾക്ക് തെരഞ്ഞെടുത്ത് വരാനുള്ള സാഹചര്യമുണ്ടോ? പാറശ്ശാല മുതൽ അങ്ങോട്ടുള്ള തീരപ്രദേശങ്ങൾ ഒന്നു പരിശോധിച്ചുനോക്കൂ?.....(ബഹളം).....

അതുകൊണ്ട് ഞാൻ പറയുന്നത് ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് 1982-ൽ അധികാരത്തിൽ വന്നയവസരത്തിലുണ്ടായിരുന്ന രാഷ്ട്രീയ സാഹചര്യത്തിൽനിന്നും വളരെ വ്യത്യസ്തമായ ഒരു രാഷ്ട്രീയ സാഹചര്യമാണ് ഇപ്പോഴുള്ളത്. അതിനുള്ള പ്രധാനമായ കാരണം കഴിഞ്ഞ നാലു വർഷക്കാലമായി ഈ ഗവൺമെൻറ് ജനക്ഷേമകരമായ പരിപാടികൾ നടപ്പാക്കുന്ന ഗവൺമെൻറാണെന്നുള്ളത് ജനങ്ങൾ അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഐക്യജനാധിപത്യ മുന്നണി ഭരണം തുടങ്ങിയപ്പോൾ എന്തായിരുന്നു സർ, സ്ഥിതി? കോൺഗ്രസ് രണ്ടു പാർട്ടികളായിരുന്നു. ഇന്ന് അത് യോജിച്ച് ഒരു ശക്തിയായി മാറിക്കഴിഞ്ഞിരിക്കുന്നു. അതുപോലെതന്നെ മുസ്ലീം ലീഗിൻെറ ഒരു വിഭാഗം അപ്പുറത്തിരിക്കുകയായിരുന്നു. അപ്പുറത്തിരിക്കുന്ന ഒരു വിഭാഗത്തെക്കൂടി യോജിപ്പിച്ച് മുസ്ലീം ലീഗ് ഒന്നാകണമെന്നുകണ്ട് അവരെ ഈ മുന്നണിയുടെ കാലാവധിക്കുള്ളിൽതന്നെ യോജിപ്പിച്ച് മുന്നോട്ടു കൊണ്ടുപോകുകയാണു ചെയ്തത്. നേരെമറിച്ച് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുന്നണിയെ സംബന്ധിച്ചിടത്തോളം കേരളത്തിന് ശാപമായിട്ടുള്ളത് എന്തായിരുന്നു സർ? ഭരണ അസ്ഥിരതയെന്നുള്ളതാണ്. ഭരണ അസ്ഥിരതയെന്നുള്ളത് കേരളത്തിൻെറ ശാപമായി പലപ്പോഴും ഉണ്ടായിരുന്നുവെങ്കിൽ ആ ഭരണ അസ്ഥിരത മാറുന്നതിനായി ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിന് സാധിച്ചുവെന്നുള്ളത് നിഷേധിക്കാൻ കഴിയുന്ന ഒരു വസ്തുതയാണോ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി 1967-ൽ 133-ൽ 117 ആളുകളുടെ ഭൂരിപക്ഷത്തോടെ ഒരു ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് ഉണ്ടാക്കിയിട്ട് അഞ്ചു വർഷം ഭരിക്കാൻ കഴിഞ്ഞില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലെ ശ്രീ. കെ. കരുണാകരൻെറ നേതൃത്വത്തിൽ ഈ ഗവൺമെൻറ് അഞ്ചു വർഷക്കാലം പൂർത്തിയാക്കുന്ന ഗവൺമെൻറ് എന്നുള്ളതു തെളിയിക്കാൻ പോകുകയാണ്. 133-ൽ 117 ആളുകളുടെ ഭൂരിപക്ഷം കരസ്ഥമാക്കിയിട്ട് 29 മാസക്കാലം കഴിഞ്ഞപ്പോൾ, എന്തിന് ശ്രീമതി ഗൗരിയമ്മ ആരാധിച്ചിരുന്ന ടി. വി. തോമസ്സിനേയും എം. എൻ. ഗോവിന്ദൻ നായരേയും അഴിമതിയുടെ പട്ടികയിൽ പെടുത്തുകയാണ് മാർക്സിസ്റ്റ് നേതൃത്വത്തിലുള്ള ഐക്യമുന്നണി ഗവൺമെൻറ് ചെയ്തത്. അത് ഗൗരിയമ്മയ്ക്ക് നിഷേധിക്കാൻ കഴിയുമോ?

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഒരു Point of order. Rule 153 (4)ൽ പറയുന്നത്. The debate on an Appropriation Bill shall be restricted to matters of public importance or administrative policy implied in the grants covered by the Bill which have not already been raised while the relevant demands for grants were under consideration എന്നാണ്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രി അപ്രോപ്രിയേഷൻ ബില്ലിൽ ചർച്ചചെയ്ത കാര്യത്തെ സംബന്ധിച്ച് മറുപടി പറയാതെ രാഷ്ട്രീയമായ കാര്യങ്ങളാ പറയുന്നത് ഓർഡറിലല്ല. അത് രേഖയിൽനിന്ന് പൂർണ്ണമായി മാറണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അങ്ങു പറഞ്ഞത് വളരെ പ്രസക്തമായിട്ടുള്ള പോയിൻറാണ്. പക്ഷേ ആ ബില്ലിൽ ഒതുങ്ങിനിന്നുകൊണ്ടല്ല ഇവിടെ ചർച്ച നടക്കുന്നതെന്ന് എല്ലാവർക്കും അറിയാമല്ലോ. ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞപ്പോഴും ചെയർ അതു തടഞ്ഞതാണ്.

ശ്രീ. തച്ചടി പ്രഭാകരൻ: എല്ലാ മെമ്പർമാർക്കും ബാധകമാകുന്നതു പോലെതന്നെയാണു സർ, ഗവൺമെൻറ് പ്രതിനിധികൾക്കും ബാധകമാകുന്നത്. മെമ്പർമാർ അതിൽ ഒതുങ്ങിനിന്നു സംസാരിച്ചാൽ ഞങ്ങളും ചെയ്യാം. ഞങ്ങൾ ജനങ്ങളുടെ മുമ്പിൽ രാഷ്ട്രീയ പ്രവർത്തകൻമാരായിരുന്നിട്ട് തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നവരാണ്. അതുകൊണ്ട് മെമ്പർമാർ രാഷ്ട്രീയം പറയുമ്പോൾ ഞങ്ങൾക്കും രാഷ്ട്രീയം പറയേണ്ടിവരും. .....(ബഹളം).....

മി. സ്പീക്കർ: നേരത്തേ ചില മെമ്പർമാർ പരിധിവിട്ട് രാഷ്ട്രീയത്തിലേക്കു പോയപ്പോൾ ചെയർ അതു തടഞ്ഞതാണ്. എങ്കിലും ചില മെമ്പർമാർ പറഞ്ഞിട്ടുണ്ട്. ഏതായാലും താങ്കൾ അത്യാവശ്യം പറഞ്ഞു കഴിഞ്ഞു. ഇനി ബില്ലിലേയ്ക്കു വരൂ.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, അത്യാവശ്യം പറഞ്ഞില്ല. ഇവിടെ പറഞ്ഞത്. ഇതെല്ലാം പ്രഖ്യാപിച്ചുകഴിഞ്ഞിട്ട് എവിടെ കൊണ്ടുചെന്നു നടപ്പിലാക്കും. ഈ ഗവൺമെൻറ് ഇനിയും അഞ്ചു വർഷക്കാലംകൂടി വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരത്തിലേക്ക് വരാൻ പോകുകയാണെന്നാണ് ഞാൻ പ്രഖ്യാപിക്കുന്നത്. നിങ്ങൾക്കാണെങ്കിൽ ഇന്ന് അധികാരത്തിൽ വരേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട ബേബിജോൺ, നിങ്ങൾ ആ മാർക്സിസ്റ്റ് പാർട്ടിയുടെ കൂട്ടിൽനിന്നാൽ നിങ്ങൾക്കിനി കേരളത്തിൽ അധികാരത്തിൽ വരാനൊക്കുകയില്ലായെന്നുള്ളത് വളരെ വ്യക്തമാണ്. അടുത്തുവരുന്ന തെരഞ്ഞെടുപ്പിലൂടെ നൂറിലധികം സീറ്റ് കരസ്ഥമാക്കി ഈ രാജ്യത്ത് അധികാരത്തിൽവന്ന് നടപ്പാക്കാനുള്ള ബാദ്ധ്യതയുള്ളവരാണു സർ, ഇതു പ്രഖ്യാപിച്ചിരിക്കുന്നത്. ഈ കാര്യങ്ങൾ പടിപ്പടിയായി നടപ്പിലാക്കാനുള്ള ബാദ്ധ്യതയുള്ളതുകൊണ്ടാണ് ഇന്നതിന്ന കാര്യങ്ങൾ നടപ്പാക്കുമെന്നു പറഞ്ഞിട്ടുള്ളത്. ആ കാര്യങ്ങൾ നടപ്പാക്കാനുള്ള ബാദ്ധ്യതയോടുകൂടി വീണ്ടും ഈ രാജ്യത്ത് അധികാരത്തിൽ വരണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്ന ഉത്തരവാദിത്വബോധമുള്ള ആളുകളാണ് ഈ ഗവൺമെൻറിൻെറ പ്രഖ്യാപനങ്ങൾ നടത്തിയിരിക്കുന്നത്. അതുകൊണ്ട് അക്കാര്യത്തെ സംബന്ധിച്ച് സയംശമൊന്നുമുണ്ടാകേണ്ട കാര്യമില്ല. ഇവിടെ ഗൗരിയമ്മ ചില കാര്യങ്ങൾ ചോദിച്ചു. ഗൗരിയമ്മേ നിങ്ങൾ എന്തിനാ ഇപ്പോൾ ഈ ആവേശമൊക്കെ കാണിക്കുന്നത്. ശ്രീ. അച്യുതാനന്ദൻ പറഞ്ഞുകാണും നായനാർക്ക് അടുത്തപ്രാവശ്യം സീറ്റില്ല, ഗൗരിയമ്മക്ക് സീറ്റുകൊടുത്ത് നേതാവാക്കിക്കളയാമെന്ന്..... .....(ബഹളം).....ഞാൻ മാർക്സിസ്റ്റ് പാർട്ടിയോട് ഒരൊറ്റ ചോദ്യം കൂടി ചോദിച്ചിട്ട് രാഷ്ട്രീയം അവസാനിപ്പിച്ചുകൊള്ളാം. .....(ബഹളം).....എം. വി. രാഘവനേയും വാസുദേവ മേനോനേയും ചക്രപാണിയേയും പോലുള്ള ആളുകളെ മാർക്സിസ്റ്റ് പാർട്ടി പിൻവലിക്കുന്നത് അവർക്ക് നല്ലതല്ലായെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇതുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു. ജനക്ഷേമകരമായ പരിപാടികൾ നടപ്പിലാക്കുന്നതിന് ഈ ഗവൺമെൻറിന് വിനിയോഗിക്കാൻവേണ്ടിയുള്ള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1986–ലെ കേരള ധനവിനിയോഗ (6–ാം നമ്പർ) ബിൽ പരിഗണനയ്ക്കു പുടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

വകുപ്പുതിരിച്ചുള്ള പരിഗണന:

രണ്ടും മൂന്നും വകുപ്പുകൾ

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു. രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും:

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986–ലെ കേരള ധനവിനിയോഗ (6–ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

1986–ലെ കേരള ധനവിനിയോഗ (6–ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ പോകം ആവശ്യപ്പെടുന്നു.

(സഭ താഴെകാണുംവിധം വേർതിരിഞ്ഞ് വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—69

1. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
2. ,, ഇ. അഹമ്മദ്
3. ,, കൊമ്പയിൽ അഹമ്മദ് ഹാജി
4. ,, സി. ടി. അഹമ്മദ് അലി
5. ,, കെ. അവുക്കാദർകുട്ടി നഹ
6. ,, ആർ. ബാലകൃഷ്ണപിള്ള
7. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
8. ,, പി. കെ. കെ. ബാവ
9. ,, യു. എ. ബീരാൻ
10. ,, ബെന്നിബഹനാൻ
11. ,, പി. ഭാസ്കരൻ

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. വി. ദിനകരൻ
13. ,, എം. പി. ഗംഗാധരൻ
14. ,, എ. ജോർജ്ജ്
15. ,, പി. സി. ജോർജ്ജ്
16. ,, കെ. എം. ഹംസക്കുഞ്ഞ്
17. ,, എം. എം. ഹസ്സൻ
18. ,, എം. പി. എം. ഇസ്ഹാക്ക് കുറിക്കോം
19. ,, എ. എൽ. ജേക്കബ്ബ്
20. ,, ടി. എം. ജേക്കബ്ബ്
21. ,, സി. ജി. ജനാർദ്ദനൻ
22. ,, ടി. എസ്. ജോൺ
23. ,, എ. സി. ജോസ്
24. ,, ജോസ് കുറ്റിയാനി
25. ഡോക്ടർ കെ. സി. ജോസഫ്
26. ശ്രീ. കെ. സി. ജോസഫ്
27. ,, വി. വി. ജോസഫ്
28. ,, കെ. കെ. നായർ
29. ശ്രീമതി എം. കമലം
30. ശ്രീ. കെ. ജി. ആർ. കർത്താ
31. ,, ജി. കാർത്തികേയൻ
32. ,, മണിമംഗലത്തു കുട്ട്യാലി
33. ,, ഇ. ജെ. ലൂക്കോസ്
34. ,, കെ. പി. എ. മജീദ്
35. ,, എം. വി. മാണി
36. ,, കെ. മുഹമ്മദാലി
37. ,, ഇ. ടി. മുഹമ്മദ് ബഷീർ
38. ,, പി. എ. മുഹമ്മദ്കുട്ടി
39. ,, പി. വി. മുഹമ്മദ്
40. ,, ടി. എച്ച്. മുസ്തഫ
41. ,, കെ. എസ്. നാരായണൻ നമ്പൂതിരി
42. ,, കെ. പി. നൂറുദ്ദീൻ
43. ,, സി. വി. പത്മരാജൻ
44. ,, തച്ചടി പ്രഭാകരൻ
45. ,, കെ. രാഘവൻ മാസ്റ്റർ
46. ,, രാഘവൻ പൊഴക്കടവിൽ
47. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
48. ,, കെ. പി. രാമചന്ദ്രൻനായർ
49. ,, എസ്. രാമചന്ദ്രൻപിള്ള
50. ,, തേറമ്പിൽ രാമകൃഷ്ണൻ
51. ,, കെ. പി. രാമൻ
52. ,, തോപ്പിൽ രവി
53. ,, വയലാർ രവി
54. ,, എൻ. ശങ്കരൻനാടാർ
55. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
56. ,, കടവൂർ ശിവദാസൻ
57. ,, നാലകത്തു സൂപ്പി
58. ,, കെ. കെ. ശ്രീനിവാസൻ
59. ,, പന്തളം സുധാകരൻ

LIBRARY ARCHIVES Kerala Legislative Assembly

60. ശ്രീ. കോട്ടക്കുഴി സുകുമാരൻ
61. ,, സി. എം. സുന്ദരം
62. ,, എൻ. സുന്ദരൻനാടാർ
63. ,, വി. സുരേന്ദ്രൻപിള്ള
64. ,, പി. പി. തങ്കച്ചൻ
65. ,, സി. എഫ്. തോമസ്
66. ,, കെ. കെ. തോമസ്
67. ,, പി. കെ. വേലായുധൻ
68. ,, ടി. വി. വിജയരാജൻ
69. ,, സ്റ്റീഫൻ പാദുവ

പ്രതികൂലിക്കുന്നവർ—54

1. ശ്രീ. ടി. കെ. അബ്ദു
2. ,, ടി. കെ. ആറുമുഖൻ
3. ,, ബേബി ജോൺ
4. ,, കെ. കെ. ബാലകൃഷ്ണൻ
5. ,, കോടിയേരി ബാലകൃഷ്ണൻ
6. ,, ഒ. ഭരതൻ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
9. ,, കെ. ചന്ദ്രശേഖരൻ
10. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
11. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
12. ,, സിറിയക്ക് ജോൺ
13. ശ്രീമതി പി. ദേവൂട്ടി
14. ശ്രീ. കെ. ജെ. ജോർജ്ജ്
15. ശ്രീമതി കെ. ആർ. ഗൗരി
16. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
17. ,, ടി. കെ. ഹംസ
18. ,, കെ. ഇ. ഇസ്മയിൽ
19. ,, എം. ജിനദേവൻ
20. ,, ഇ. കെ. നായനാർ
21. ,, വി. സി. കബീർ
22. ,, കെ. ടി. കുണാരൻ
23. ,, എം. കെ. കേശവൻ
24. ,, വി. കേശവൻ
25. ,, സി. ടി. കൃഷ്ണൻ
26. ,, കെ. കൃഷ്ണൻ കുട്ടി
27. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
28. ,, കെ. ടി. കുമാരൻ
29. ,, പി. കുമാരൻ
30. ,, പി. വി. കുഞ്ഞിക്കണ്ണൻ
31. ,, ലോനപ്പൻ നമ്പാടൻ
32. ,, സി. പി. മുസ്സാൻകുട്ടി
33. ,, കെ. മൂസ്സക്കുട്ടി
34. ,, എ. കെ. പത്മനാഭൻ
35. ,, ഇ. പത്മനാഭൻ

LIBRARY ARCHIVES Kerala Legislative Assembly

36. ശ്രീ. കെ. പങ്കജാക്ഷൻ
37. ,, ടി. പി. പീതാംബരൻ മാസ്റ്റർ
38. ,, കെ. പി. പ്രഭാകരൻ
39. ,, കെ. പുരുഷോത്തമൻ
40. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
41. ശ്രീ. വർക്കല രാധാകൃഷ്ണൻ
42. ,, വി. കെ. രാജൻ
43. ,, കാനം രാജേന്ദ്രൻ
44. ,, കെ. ശങ്കരനാരായണപിള്ള
45. ,, എ. കെ. ശശീന്ദ്രൻ
46. ,, എ. സി. ഷൺമുഖദാസ്
47. ഡോക്ടർ എ. സുബ്ബറാവു
48. ശ്രീ. എ. വി. താമരാക്ഷൻ
49. ,, സി. കെ. തങ്കപ്പൻ
50. ,, വി. ജെ. തങ്കപ്പൻ
51. ,, എസ്. ആർ. തങ്കരാജ്
52. ,, ജി. വരദൻ
53. ,, സി. വാസുദേവമേനോൻ
54. ,, പി. വിജയദാസ്

അനുകൂലിക്കുന്നവർ .. 69
പ്രതികൂലിക്കുന്നവർ .. 54
നിഷ്പക്ഷത പാലിക്കുന്നവർ .. ആരുമില്ല.

1986-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

ബിൽ പാസ്സായി.

3. 1986-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986-ലെ കേരളാ ധനവിനിയോഗ (7-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

1986-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly